കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

രാമപുരം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ കെടിഎം പി.4/1997/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 26/12/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
രാമപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : രാമപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം രാമപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ കെടിഎം പി.4/1997/2023 തീയ്യതി: 26/12/2023

കോട്ടയം ജില്ലയിലെ രാമപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ രാമപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 30-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 02-12-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ബീനാകുമാരി സി.ആർ	ഡെപ്യൂട്ടി ഡയറക്ടർ	25-11-2023	02-12-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
25-11-2023	02-12-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

രതീഷ് സി.ആർ, ഓഡിറ്റ് ഓഫീസർ
സുമേഷ് പി.വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ഷാജിമോൻ പി.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ബീനാകുമാരി റ്റി.വി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ഷൈനി സന്തോഷ്	പ്രസിഡന്റ്	01-04-2022	31-03-2023
മാർട്ടിൻ ജോർജ്ജ്	സെക്രട്ടറി	01-04-2022	03-12-2022
സിന്ധു ബി മറ്റം	സെക്രട്ടറി	04-12-2022	07-12-2022
ദീപു റ്റി.കെ.	സെക്രട്ടറി	08-12-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
രാജേഷ് ഡി.നായർ	അസി.എഞ്ചിനീയർ	01-04-2022	14-09-2022
ശ്രീ.അനു ജി.വർഗ്ഗീസ്	അസി.എഞ്ചിനീയർ	15-09-2022	31-03-2023
ഡോ.റഹമേഷ് പി.ജോഷി	മെഡിക്കൽ ഓഫീസർ, ആയൂർവേദ	01-04-2022	26-08-2022
ഡോ.സീനിയ പി.കെ.	മെഡിക്കൽ ഓഫീസർ, ആയൂർവേദം	27-08-2022	31-03-2023
ഡോ.ബിജുരാജ് പി.എം.	വെറ്ററിനറി സർജൻ	01-04-2022	31-03-2023
ഡോ.റീനു രാജ്	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2022	31-03-2023
ഡോ.സുകുമാരൻ വി.കെ.	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.	01-04-2022	31-03-2023
പുഷ്പകല വി.എൻ.	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2022	09-01-2023
അപർണ്ണ സി.എസ്.	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	10-01-2023	31-03-2023
പ്രജിത പ്രകാശ്	കൃഷി ഓഫീസർ	01-04-2022	31-03-2023
ബിജുമോൻ വി.റ്റി.	വി.ഇ.ഒ., രാമപുരം	01-04-2022	31-03-2023
അഫ്സൽ കെ.എം.	വി.ഇ.ഒ., വെള്ളിലാപ്പള്ളി	01-04-2022	31-03-2023
ജെമിനി ജോൺ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2022	31-07-2022
സൌമ്യ സെബാസ്റ്റ്യൻ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-08-2022	31-03-2023
ജയറാണി മേരി ജേക്കബ്	ഹെഡ്മിസ്ട്രസ്	01-04-2022	31-03-2023

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല	1-1-1
3	ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാശം ലഭ്യമല്ല	1-1-2
4	തൻവർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം-കൃത്യമായ ഡേറ്റ ലഭ്യമായില്ല	1-1-3
5	Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല	1-1-4
6	ആസ്തി മൂല്യശോഷണം കാൽക്കുലേഷൻ ഷീറ്റിലൂടെ വ്യക്തമാക്കിയിട്ടില്ല	1-1-5
7	Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല	1-1-6
8	തൊഴിലുറപ്പിന് മുൻകൂർ - കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യുന്നില്ല	1-1-7
9	രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിയ്ക്കുന്നില്ല	1-1-8
10	ബാധ്യതാ ശീർഷകത്തിലെ തുകയുടെ രേഖകൾ ലഭ്യമല്ല	1-1-9
11	ബാങ്ക് അക്കൗണ്ട് റിക്കൺസിലിയേഷൻ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-10
12	Redumption Amount മുഴുവൻ തുകയും ബാലൻസ് ഷീറ്റിൽ പ്രതിഫലിയ്ക്കുന്നില്ല	1-1-11
13	സി.എഫ്.സി. കണക്കുകൾ ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല	1-1-12
14	ഡെപ്പോസിറ്റ് തുക കൃത്യമായ ഹെഡിൽ അക്കൗണ്ട് ചെയ്തില്ല	1-1-13
15	ബജറ്റ്	1-2
16	സാമ്പത്തികനില	1-3
17	ഫണ്ട് വിനിയോഗം	1-4
18	വാർഷികപദ്ധതി അവലോകനം	1-5
19	തൊഴിലുറപ്പ് പദ്ധതി	1-6
20	ക്ഷേമപദ്ധതികൾ	1-7
21	കാഷ് വേരിഫിക്കേഷൻ	1-8
22	ആഭ്യന്തര നിയന്ത്രണ സംവിധാനം	1-9
23	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
24	ഒരേ കെട്ടിടത്തിന്റെ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം	1-11
25	തൊഴിൽ നികുതി ഈടാക്കിയിട്ടില്ല	1-12
26	മേൽനോട്ട സംവിധാനത്തിന്റെ അപര്യാപ്തതയും ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ ന്യൂനതയും - തൊഴിലുറപ്പ് പദ്ധതി അക്കൗണ്ടിൽ നിന്നും 4.35 ലക്ഷം രൂപയുടെ താൽക്കാലിക പണാപഹരണം	1-13
27	ടെണ്ടർ വ്യതിയാനം ബില്ലിൽ കുറവ് ചെയ്തില്ല – 40832/-രൂപ പഞ്ചായത്ത് ഫണ്ടിന് നഷ്ടം	1-14
28	കേരളോൽസവം - നഷ്ടപരിഹാരം നൽകിയത് ക്രമപ്രകാരമല്ല.	1-15
29	ഓണം അഡ്വാൻസ് തിരികെ ഈടാക്കിയിട്ടില്ല	1-16
30	ടെക്നിക്കൽ അസിസ്റ്റന്റിന്റെ കാലാവധി ദീർഘിപ്പിക്കൽ - തുടർവിവരങ്ങൾ ലഭ്യമാക്കുക.	1-17
31	പേഴത്തിനാമ്മാവ് കുടിവെള്ളപദ്ധതിക്ക് മോട്ടോർ - രേഖകൾ ലഭ്യമായില്ല.	1-18
32	പെറ്റി വർക്ക് - ചെലവ് രേഖകൾ ലഭ്യമായില്ല.	1-19
33	തൊഴിലാളി സംഗമം - തുക റീകൂപ്പ് ചെയ്തില്ല.	1-20
34	വിവിധ തനത് ഫണ്ട് ചെലവുകൾ - രേഖകൾ ലഭ്യമായില്ല.	1-21
35	അഗതി രഹിത കേരളം - അവലോകനം.	1-22
36	പാട്ടഭൂമിയിൽ കൃഷിക്ക് സബ്സിഡി - പാട്ടകരാർ ലഭ്യമാക്കിയില്ല	1-23
37	പ്രത്യേക ആവശ്യത്തിനുള്ള ഗ്രാന്റുകൾ - ദീർഘകാലമായി പഞ്ചായത്ത് ഫണ്ടിന് ബാധ്യത-തുടർ നടപടികൾ സ്വീകരിക്കുന്നില്ല	1-24

38	ഇലക്ഷൻ നിക്ഷേപം പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയിട്ടില്ല.	1-25
39	ഔദ്യോഗിക വാഹനം - പരിപാലനത്തിലെ അപാകതകൾ.	1-26
40	ലൈഫ് പദ്ധതിയിൽ കൈപ്പറ്റിയ അഡ്വാൻസ് തുക തിരിച്ചടച്ചത് സംബന്ധിച്ച്	1-27
41	ഭവനപുനരുദ്ധാരണ പ്രോജക്ട് പ്രകാരം അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയില്ല	1-28
42	ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി കരാർ വെച്ച് തുക കൈമാറിയിട്ടുള്ള താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ വീട് നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.	1-29
43	അധിക വിഭവ സമാഹരണം	1-30
44	വിവിധ പ്രോജക്ട് ചെലവുകൾ - വിനിയോഗ വിവരമില്ല.	1-31
45	പോസ്റ്റ് ഷിഫ്റ്റിംഗ് - വിനിയോഗവിവരമില്ല.	1-32
46	ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികൾ - വിനിയോഗ വിവരം ലഭ്യമല്ല	1-33
47	എസ് സ് കെ പദ്ധതി - വിനിയോഗ വിവരം ലഭ്യമല്ല	1- 34
48	റോഡ് കണക്റ്റിവിറ്റി മാപ്പ് - പദ്ധതി പൂർത്തിയാക്കിയിട്ടില്ല	1-35
49	മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതികൾ - അപാകതകൾ	1-36
	ഭാഗം **2**	
	--- No Records Found ---	
	ഭാഗം **3**	
1	ടെണ്ടർ വ്യതിയാനം ബില്ലിൽ കുറവ് ചെയ്തില്ല – 40832/-രൂപ പഞ്ചായത്ത് ഫണ്ടിന് നഷ്ടം	3-1
	ഭാഗം **4**	
1	വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം	4-1
2	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം	4-2
3	ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ്	4-4
5	വായ്പ/വായ്പ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ	4-8
9	ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-11
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം –1

പൊതു അവലോകനം

1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. രാമപുരം ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 07/07/2023 തീയതിയിലെ തീരുമാനം നം.2 പ്രകാരം അംഗീകരിച്ച് 15/07/2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, രാമപുരം ഗ്രാമപഞ്ചായത്തിന്റെ 2022–23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

1–1–1 ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല

31/03/2023 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖകൾ (OBRP Data) സൂക്ഷിച്ചിട്ടില്ല.

1-1-2 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാശം ലഭ്യമല്ല

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ/വിശദാംശം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

1-1-3 തൻവർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം-കൃത്യമായ ഡേറ്റ ലഭ്യമായില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

1-1-4 Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല

Capital Work In Progress ആയി അക്കൗണ്ട് ചെയ്യപ്പെടുന്നതും ക്രമീകരിക്കപ്പെടുന്നതുമായ പാർട്ട് ബില്ലുകളുടെ വിശദാംശവും ആധികാരികതയും ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. തൻവർഷ പാർട്ട് ബില്ലുകൾ എല്ലാം Capital Work In Progress ആയി അക്കൗണ്ട് ചെയ്യപ്പെട്ടോ എന്നും ഫൈനൽ ബിൽ നൽകുമ്പോൾ മുൻപ് നൽകിയ പാർട്ട് ബില്ലുകൾ ക്രമീകരിക്കപ്പെട്ടോ എന്നും വ്യക്തതയില്ല.

1-1-5 ആസ്തി മൂല്യശോഷണം കാൽക്കുലേഷൻ ഷീറ്റിലൂടെ വ്യക്തമാക്കിയിട്ടില്ല

വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള ആസ്തി മൂല്യശോഷണത്തിന്റെ ആധികാരികത കാൽക്കുലേഷൻ ഷീറ്റിലൂടെ സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയില്ല.

1-1-6 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. Government/Other ഡ്യൂസ് രജിസ്റ്റർ രജിസ്റ്റർ സൂക്ഷിച്ച് വിവിധ ഏജൻസികളിലേക്കുള്ള തുക ഒടുക്കലുകൾ കൃത്യമായി നിരീക്ഷിക്കേണ്ടതാണ്.

1-1-7 തൊഴിലുറപ്പിന് മുൻകൂർ - കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യുന്നില്ല

തൊഴിലുറപ്പ് പദ്ധതി കാഷ് ബുക്ക്, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പ്രകാരം 31/03/2023 ൽ മുൻവർഷത്തേതുൾപ്പെടെ 12,76,741/- രൂപ മുൻകൂർ നൽകിയ ഇനത്തിൽ പഞ്ചായത്തിന് ലഭിയ്ക്കാനുണ്ട്. ബാലൻസ് ഷീറ്റ് ബി.18 പത്രിക പ്രകാരം 11,62,852/- രൂപയാണ് പഞ്ചായത്തിന് ലഭിയ്ക്കേണ്ട തുക. ധനകാര്യ പത്രിക പ്രകാരം ലഭിയ്ക്കേണ്ട തുകയിൽ 1,13,889/- രൂപയുടെ കുറവുണ്ട്. തൊഴിലുറപ്പിന് മുൻകൂർ കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതും തുകയുടെ കൃത്യത ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതുമാണ്.

1-1-8 രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിയ്ക്കുന്നില്ല

നികുതി, നികുതിയേതര വരവുകളുടെ ഡിസിബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

1-1-9 ബാധ്യതാ ശീർഷകത്തിലെ തുകയുടെ രേഖകൾ ലഭ്യമല്ല

ബാലൻസ് ഷീറ്റ് ബി-7 ഷെഡ്യൂൾ 350200199-Other Deposits എന്ന ശീർഷകത്തിലെ 2,52,432/- രൂപ ബാധ്യതയായി ഉൾപ്പെടുത്തിയിരിയ്ക്കുന്നു. തുക സംബന്ധിച്ച രേഖകൾ പഞ്ചായത്തിൽ ലഭ്യമല്ല.

1-1-10 ബാങ്ക് അക്കൗണ്ട് റിക്കൺസിലിയേഷൻ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്ത് 07.07.2022 ൽ Health Grant-ന വേണ്ടി Bank Of Baroda യിൽ 33020100005985 നമ്പർ അക്കൗണ്ട് ആരംഭിച്ചു. ഇടപാടുകളില്ലാത്ത ടി ബാങ്ക് അക്കൗണ്ട് ബി-17 ലും RP -40 (B) ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടില്ല.

1-1-11 Redumption Amount മുഴുവൻ തുകയും ബാലൻസ് ഷീറ്റിൽ പ്രതിഫലിയ്ക്കുന്നില്ല

31.03.2023 ൽ ഗ്രാമപഞ്ചായത്തിലെ മീനച്ചിൽ സബ്ട്രഷറിയിലുള്ള 799011400000875 നമ്പർ അക്കൗണ്ടിൽ നിന്നും 6,69,517/- രൂപയും, ട്രഷറി എൽ.ജി.റ്റി.എസ്.ബി. Own Fund അക്കൗണ്ടിൽ (നം.799013000000069) നിന്നും 20,49,414/- രൂപയും ഉൾപ്പെടെ ആകെ (669517+2049414) 27,18,931/- രൂപ Redumption Amount ആയി സർക്കാരിലേയ്ക്ക് എടുത്തിട്ടുണ്ട്. ഗവൺമെന്റിൽ നിന്നും തിരികെ ലഭിയ്ക്കേണ്ട 27,18,931/- രൂപയ്ക്ക് പകരം 20,49,414/- രൂപയാണ് ഉൾപ്പെട്ടിട്ടുള്ളത്. രേഖപ്പെടുത്തൽ കൃത്യമല്ലാത്തതിനാൽ Redumption Amount മുഴുവൻ തുകയും ബാലൻസ് ഷീറ്റിൽ പ്രതിഫലിയ്ക്കുന്നില്ല.

1-1-12 സി.എഫ്.സി. കണക്കുകൾ ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല

ഫെഡറൽ ബാങ്ക് രാമപുരം ശാഖയിൽ അക്കൗണ്ട് നം.17830100058230 ആയി ധനകാര്യ കമ്മീഷൻ ഗ്രാന്റിനായി അക്കൗണ്ടുണ്ട്. 31.03.2022 ലെ (ഓപ്പണിംഗ് ബാലൻസ്) പാസ് ബുക്ക് പ്രകാരമുള്ള ബാലൻസ് തുക 68,57,727/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ആയത് 68,13,527/- രൂപയാണ്. 44,200/- രൂപയുടെ വ്യത്യാസം ഉണ്ട്. മേൽ ഫണ്ടുകളുടെ തൻവർഷത്തെ വിനിമയത്തിൽ ബാങ്ക് ബാലൻസ് 63,28,861.75 രൂപയും ധനകാര്യപത്രിക ബി4 പത്രിക പ്രകാരം ആയത് 62,62,327/- രൂപയുമാണ്. വ്യത്യാസം വിശദീകരിക്കപ്പെട്ടില്ല.

1-1-13 ഡെപ്പോസിറ്റ് തുക കൃത്യമായ ഹെഡിൽ അക്കൗണ്ട് ചെയ്തില്ല

പ്രോജക്ട് നം.42/23, 55/23, 56/23 എന്നിവ പ്രകാരം കുഴൽകിണർ നിർമ്മാണത്തിന് 2022-23 വർഷം 2,00,000/- രൂപ വീതം ആകെ 6,00,000/- രൂപ കേരള ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിക്ഷേപിച്ചിരുന്നു. എന്നാൽ കൃത്യമായ ഹെഡിൽ അക്കൗണ്ട് ചെയ്യാത്തതുമൂലം 1,53,491/- രൂപ മാത്രമെ ധനകാര്യപത്രിക പ്രകാരം 460500204 -Advance To Implementing Agencies-deposit With Ground Water Department എന്ന ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടുള്ളൂ.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 23.03.2022 ലെ I/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. 30.03.2023 ലെ I/1-ാം നം. തീരുമാനപ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	ആദ്യ ബജറ്റ്	പുതുക്കിയ ബജറ്റ്
മുന്നിരിപ്പ്	4805063	38262612
വരവ്	215663000	139861537
ആകെ	220468063	178124149
ചെലവ്	217098000	137142710
നീക്കിയിരിപ്പ്	3370063	40981439

1-3 സാമ്പത്തികനില

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ റസീറ്റ് & പേമെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്/ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയും ചുവടെ ചേർക്കുന്നു.

റസീറ്റ് & പേമെന്റ് പത്രിക പ്രകാരം

മുന്നിരിപ്പ് (01/04/2022)	39180955
ഓഡിറ്റ് വർഷത്തെ വരവ്(Receipt)	58453730
ആകെ	97634685
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(Payment)	44936066
നീക്കിയിരിപ്പ് (31/03/2023)	52698619

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം

ഓഡിറ്റ് വർഷത്തെ വരുമാനം(Income)	154603463
ഓഡിറ്റ് വർഷത്തെ ചെലവ്(Expenditure)	158157112
പ്രവർത്തന നഷ്ടം (Gross Deficit)	-3553649
ആകെ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം	85580
അറ്റ പ്രവർത്തന നഷ്ടം (Net Deficit)	-3639229

വരവിനങ്ങളിലുള്ള നഷ്ടം(ചാർജ് ചെയ്യാവുന്നത്)	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(സർച്ചാർജ് ചെയ്യാവുന്നത്)	40832
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	1689788

1-4 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ഫണ്ടുകളുടെ വിനിയോഗ വിവരം എ.സി.ആർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, ഫയൽ, സുലേഖ പത്രിക എന്നിവയിൽ ഫണ്ട് വിനിയോഗം രേഖപ്പെടുത്തിയതിൽ വ്യത്യാസം ഉള്ളതായി കാണുന്നു. ടി ഫണ്ടുകളുടെ യഥാർത്ഥ വിനിയോഗം ചുവടെ ചേർക്കുന്നു. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗം എ.സി.ആർ. പ്രകാരമുള്ളതും പട്ടികയിൽ ഉൾപ്പെടുത്തുന്നു.

ഗ്രാന്റ്-ഇനം	മുന്നിരിപ്പ്	അലോട്ട്മെന്റ്/ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക
വികസന ഫണ്ട്-ജനറൽ	0	26798000	26798000	23933334	2864666
വികസന ഫണ്ട്-SCSP	0	3716000	3716000	3360896	355104
വികസന ഫണ്ട്-TSP	0	160200	160200	131033	29167
ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied	1355727	4703323	6059050	4842465	1216585
ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied	5457800	9105724	14563524	6292376	8271148

മെയിന്റനൻസ് ഗ്രാന്റ്-Road	0	10611000	10611000	8768577	1842423
മെയിന്റനൻസ് ഗ്രാന്റ്-Non Road	0	7176000	7176000	3598688	3577312
ഐ.സി.ഡി.എസ്.	234836	1470888	1705724	196707	1509017
ശുചിത്വമിഷൻ ഗ്രാന്റ്	932449	0	932449	192000	740449

സർക്കാർ ഉത്തരവ് (കൈ.)നം.179/2022/ധന./18.10.2022 പ്രകാരം വസ്തുനികുതി പിരിവ് 2021-22 സാമ്പത്തിക വർഷം 90 ശതമാനത്തിൽ താഴെ പിരിവ് വന്നതിനാൽ 2,67,980/- രൂപയും പദ്ധതി മാർഗ്ഗരേഖ 3.4.1(ii) പ്രകാരം എസ്.സി.പി.ഫണ്ടിലെ 21-22 ലെ ഷോർട്ട് ഫാൾ തുക 6200/- രൂപ വികസനഫണ്ടിൽ നിന്നും പുന.ക്രമീകരണം ചെയ്തതും കെ.യു.ആർ.ഡി.എഫ്.സി.ലോൺ തിരിച്ചടവ് തുക 24,38,907/- രൂപയും അംഗൻവാടി ഹോണറേറിയം ഇനത്തിലെ തിരിച്ചടവ് തുക 13,57,800/- രൂപയും വികസനഫണ്ടിന്റെ പൊതുവിഭാഗം അലോട്ട്മെന്റ് തുകയിൽ നിന്നും കുറവ് ചെയ്തിരുന്നു. ടി തുക ഉൾപ്പെടെയാണ് വികസനഫണ്ട് ജനറൽ വരവായി ചേർത്തിരിയ്ക്കുന്നത്. എസ്.സി.പി. വിഭാഗത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 380944/- രൂപയും റ്റി.എസ്.പി വിഭാഗത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 27899/- രൂപയും ചേർത്താണ് ആകെ വരവ് തുക ഉൾപ്പെടുത്തിയിരിക്കുന്നത്. സി.എഫ്.സി അൺടൈഡിൽ പലിശയിനത്തിലുള്ള 263757/- രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്.

സി.എഫ്.സി.ഗ്രാന്റ് അൺടൈഡ് ഇനത്തിൽ പ്രോജക്ട് നം.52/23- വനിതാ കാർഷിക വിപണന കേന്ദ്രം വൈദ്യുതീകരണം എന്ന പ്രോജക്ടിന് എ.സി.ആർ. പ്രകാരം ആകെ 2,77,709/- രൂപ ചെലവഴിച്ചതിൽ ബിൽ നം.90/23.09.2022, തുക 24324/- രൂപയുടെ ചെലവ് സുലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

പ്രോജക്ട് നം.231/23, തുക 875776-/28.03.23, പ്രോജക്ട് നം.232/23, 42,000/-21.03.23 എന്നീ പ്രോജക്ടുകൾക്ക് സി.എഫ്.സി.ടൈഡ് ഫണ്ടിൽ നിന്നും ചെലവ് വന്നതായി എ.സി.ആർ, സുലേഖ പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫയൽ, ചെലവ് പത്രിക എന്നിവ പ്രകാരം തൻവർഷം തുക ചെലവഴിച്ചിട്ടില്ല.

മെയിന്റനൻസ് ഗ്രാന്റ്-Road-- പ്രോജക്ട് നം.193/23-റീ ടാറിംഗ് കുന്നുംപുറം കാവുംപുരം റോഡ്-- എസി.ആറിൽ 2,00,000/- രൂപയുടെ ചെലവ് ഉണ്ടെങ്കിലും ചെലവ് പത്രിക, ഫയൽ എന്നിവ പ്രകാരം തുക ചെലവഴിച്ചിട്ടില്ല.

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി പ്രോജക്ട് നം.40/23-പകർച്ചവ്യാധി നിയന്ത്രണവും രോഗ പ്രതിരോധ പ്രവർത്തനങ്ങളും എന്ന പ്രോജക്ടിനായി മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിൽ നിന്നും ആകെ 186313/- രൂപ ചെലവഴിച്ചതിൽ ബിൽ നം.349/27.03.23, തുക-16515/- രൂപ, നം.358/28.03.23, തുക 9000/-, നം.393/29.03.23, തുക-9000/- നം. 426/31.03.23, തുക 39902/- രൂപ എന്നിങ്ങനെ ആകെ 74417/- രൂപ ചെലവ്, എ.സി.ആർ പ്രകാരം ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സുലേഖ പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ ഉൾപ്പെട്ടിട്ടില്ലാത്തതും യഥാർത്ഥത്തിൽ ചെലവ് ഇല്ലാത്തതുമാണ്.

സി.എഫ്.സി. ടൈഡ്, അൺടൈഡ് കണക്കുകൾ ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. യഥാർത്ഥത്തിൽ ചെലവഴിച്ച വിവരമാണ് ചേർത്തിട്ടുള്ളത്.

സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റ് കണക്കുകളിലും ചെലവ്/ക്രമീകരണങ്ങളിലും മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകുന്നത്.

1-5 വാർഷികപദ്ധതി അവലോകനം

വാർഷിക പദ്ധതി

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19/04/2022-ലെ ജി.ഒ.(എം.എസ്) 84/2022/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതി ആസൂത്രണത്തിന്റെ പ്രാഥമികഘട്ടമായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിച്ച് രൂപീകരിക്കുകയും വികസനരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

വികസനസെമിനാറിൽ (22.07.22ൽ) പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയും കരട് നിർദ്ദേശങ്ങൾ ക്രോഡീകരിക്കുയും ചെയ്തിട്ടുണ്ട്. വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ മേധാവികളുടേയും വിവിധ നിർവ്വഹണോദ്യോഗസ്ഥരുടേയും യോഗം ചേർന്ന് വിവിധ വികസനമേഖലകളിലായി വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രോജക്ടുകൾ സംബന്ധിച്ചും സ്വീകരിക്കേണ്ട തുടർനടപടികൾ സംബന്ധിച്ചും ചർച്ചകൾ നടത്തുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റെ 2022-23 വാർഷികപദ്ധതിക്ക് വിവിധ ഫണ്ടുകളിൽ നിന്നായി ആകെ **169423317/-** രൂപ വകയിരുത്തിയിരുന്നു. സ്പിൽ ഓവർ ഉൾപ്പെടെ ആകെ 191 പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണസമിതിയുടെ 23.07.2022 തീയതിയിലെ 82898/22/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ചതിൽ 124 പ്രോജക്ടുകൾക്കുവേണ്ടി തൻവർഷം **73055897/-** രൂപ ചെലവഴിച്ചിട്ടുണ്ട്.

വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പ്രോജക്ടുകളുടെ ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ	അംഗീകാരം ലഭിച്ച പ്രോജക്ടുകൾ	നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം	വകയിരുത്തിയ തുക	ചെലവഴിച്ച തുക	ചെലവ് ശതമാനം
കൃഷി ഓഫീസർ	6	6	2558050	1298180	50.75
വെറ്ററിനറി സർജൻ	3	3	4985000	3022500	60.63
മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	8	6	2696898	1372840	50.9
മെഡിക്കൽ ഓഫീസർ-(ഹോമിയോ)	1	1	125000	125000	100
മെഡിക്കൽ ഓഫീസർ (ആയുർവേദം)	5	5	724825	724825	100
സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	1	0	100000	0	0
വി.ഇ.ഒ	10	10	83712003	26826781	32.05
ഐ.സി.ഡി.എസ് സൂപ്പർവൈസർ	3	3	5907800	4790507	81.09
സെക്രട്ടറി	52	36	14389174	9607568	66.77
അസിസ്റ്റന്റ് എഞ്ചിനീയർ	87	43	46388607	19716357	42.5
ഹെഡ്മാസ്റ്റർ	5	3	2197280	1853980	84.38
ഡയറി ഫാം ഇൻസ്ട്രക്ടർ	1	1	3701697	2690242	72.68
അസിസ്റ്റന്റ് സെക്രട്ടറി	9	7	1936983	1027117	53.03
ആകെ	**191**	**124**	**169423317**	**73055897**	**43.12**

1-6 തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2022-23 വർഷം 3730 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. തൻവർഷം ലേബർ ബജറ്റ് പ്രകാരം 702 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 311 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ പ്രവൃത്തികൾ പൂർത്തീകരിച്ചു. 39037 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 608 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പരമ്പരാഗത ജലസ്രോതസുകളുടെ പുനരുദ്ധാരണം, ജല സംരക്ഷണ പ്രവൃത്തികളായ മഴക്കുഴി, കല്ലുംകയ്യാല നിർമ്മാണം തുടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. 2022-23 വർഷത്തെ വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം (ക്യാഷ് ബുക്ക് പ്രകാരമുള്ളത്) ചുവടെ ചേർക്കുന്നു.

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണചെലവുകൾ	1281.50	1104498	1105779.5	1104020.5	1759.50
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	17622414.71	17622414.71	17622414.71	0
ആകെ	1281.5	18726912.71	18728194.21	18726435.21	1759.50

തൊഴിലുറപ്പ് പദ്ധതി അക്കൗണ്ടിന്റെ കണക്കുകൾ, പഞ്ചായത്തിലെ Deposit Register എന്നിവ പ്രകാരം 31/03/2023 ൽ മുൻവർഷത്തേതുൾപ്പെടെ 12,76,741/- രൂപ മുൻകൂർ നൽകിയ ഇനത്തിൽ പഞ്ചായത്തിന് ലഭിയ്ക്കാനുണ്ട്. ബാലൻസ് ഷീറ്റ് ബി.18 പത്രിക പ്രകാരം 11,62,852/- രൂപയാണ് പഞ്ചായത്തിന് ലഭിയ്ക്കേണ്ട തുക. ധനകാര്യ പത്രിക പ്രകാരം ലഭിയ്ക്കേണ്ട തുകയിൽ 1,13,889/- രൂപയുടെ കുറവുണ്ട്. തൊഴിലുറപ്പിന് മുൻകൂർ കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതും തുകയുടെ കൃത്യത ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതുമാണ്.

1-7 ക്ഷേമപദ്ധതികൾ

2022-23 വർഷം വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	4320	3
വാർദ്ധക്യകാലപെൻഷൻ	29551700	2052
കർഷകതൊഴിലാളി പെൻഷൻ	3433200	238
വിധവാപെൻഷൻ	8527800	593
50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ	919000	76
വികലാംഗപെൻഷൻ	3016600	251
വിധനകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം	180000	6

1-8 കാഷ് വേരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് 2022-23 ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 27.11.2023-ന് 3.15 PM ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത

പരിശോധനയിൽ 42,605/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിലെ പിഴവുകളാണ് 6.9.2022 തീയതിയിൽ നടന്ന പണാപഹരണത്തിന് കാരണമായതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പണം പിൻവലിക്കുമ്പോൾ പാലിക്കേണ്ട അടിസ്ഥാന തത്വങ്ങൾ പോലും പാലിക്കാതെ വലിയ തുക ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിക്കപ്പെടുകയും ടി തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ അടവക്കാതെ ജീവനക്കാരൻ കൈവശപ്പെടുത്തുകയുമാണ് ഉണ്ടായത്. രാമപുരം ഗ്രാമപഞ്ചായത്തിന്റെ തൊഴിലുറപ്പ് പദ്ധതിയുടെ അക്കൗണ്ടിൽ നിന്നും (അക്കൗണ്ട് നമ്പർ 67059924007 എസ്.ബി.ഐ) 6.9.2022 തീയതിയിൽ 3422664 നമ്പർ ചെക്ക് പ്രകാരം 435455/- രൂപ വൗച്ചറുകളും ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയർ രേഖപ്പെടുത്തലുകളുമില്ലാതെ അന്നത്തെ അക്കൗണ്ടന്റായിരുന്ന ശ്രീ ഷാജി ജോണിന്റെ പേരിൽ ക്യാഷായി പിൻവലിച്ചിരുന്നു. പിന്നീട് 1.12.22-ൽ ജോളി ജോസഫ് എന്നയാൾ ഗ്രാമപഞ്ചായത്തിന്റെ അറിവോടെയല്ലാതെ 435000/- രൂപ ആർ.റ്റി.ജി.എസ് ആയും 455/- രൂപ ഇതേ ദിവസം തന്നെ ഐ.എം.പി.എസ് ആയും തനത് ഫണ്ട് അക്കൗണ്ടിലേക്ക് (സൗത്ത് ഇന്ത്യൻ ബാങ്ക് അക്കൗണ്ട് നമ്പർ 0529053000007403) നിക്ഷേപിക്കുകയും ചെയ്തു. 16.1.23-ൽ ചേർന്ന ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 3(1) നമ്പർ തീരുമാനപ്രകാരം പണാപഹരണം സംബന്ധിച്ച് പോലീസ് സ്റ്റേഷനിൽ പരാതി നൽകാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി. രാമപുരം പോലീസ് സ്റ്റേഷനിൽ ക്രൈം 88/23 നമ്പരായി കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു.

ഔദ്യോഗിക തലത്തിലുള്ള ഓരോ ഘട്ടത്തിലും പാലിക്കപ്പെടേണ്ട ശരിയായ സൂപ്പർവിഷന്റെ അഭാവമാണ് ഇപ്രകാരമുള്ള ക്രമക്കേടുകൾക്ക് ഇടയാക്കുന്നതെന്നു കാണുന്നു. പണം പിൻവലിക്കൽ, അവയുടെ ഒടുക്ക്, ബാങ്ക് റിക്കൺസിലിയേഷൻ, അക്കൗണ്ടിംഗ് ക്രമീകരണം എന്നിവയിൽ ഉദ്യോഗസ്ഥ തലത്തിലും, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയുടെ നേതൃത്വത്തിലും കൃത്യമായി പരിശോധന നടത്തി ആഭ്യന്തര നിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലുള്ള തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ് .

മിച്ചഫണ്ട് സ്ഥിരനിക്ഷേപമാക്കി മാറ്റിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ (സൗത്ത് ഇന്ത്യൻ ബാങ്ക് അക്കൗണ്ട് 7403-ൽ) 30.11.2023-ൽ 2.77കോടി രൂപ നീക്കിയിരിപ്പുണ്ട്. ഇത്തരത്തിൽ ഗ്രാമപഞ്ചായത്തിലെ, സേവിംഗ്സ് അക്കൗണ്ടുകളിൽ ഏകദേശം 3കോടി രൂപയിലധികം നീക്കിയിരിപ്പുള്ളതായി കാണുന്നു. ആയതിനാൽ സേവിംഗ്സ് അക്കൗണ്ടിലെ ബാലൻസ് തുകയിൽ നിന്നും ഒരു നിശ്ചിത തുക (പഞ്ചായത്തിന്റെ ദൈനംദിന ആവശ്യങ്ങൾ കഴിഞ്ഞുള്ളത്) സ്ഥിരനിക്ഷേപമാക്കി മാറ്റി പലിശയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.
ഈ വിഷയത്തിലുള്ള തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ് .

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
അക്കൗണ്ടന്റ്	26.04.2016 –	2011-12മുതൽ	LBA(HQ)II/8A-

ജനറലിന്റെ ഓഡിറ്റ്	10.05.2016	2015-16വരെ	2439/53 തീയതി: 02.06.16
പെർഫോർമൻസ് ഓഡിറ്റ്	26.08.21-30.08.21	4/2021-3/22	ലഭിച്ചിട്ടില്ല

1-11 ഒരേ കെട്ടിടത്തിന്റെ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം

പഞ്ചായത്തിലെ 2022-23 വർഷത്തെ സപ്ലിമെന്ററി അസ്സസ്സ്മെന്റ് രജിസ്റ്റർ സഞ്ചയയിൽ നിന്നും ലഭ്യമായത് പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ ഒരേ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി, ഒരു ച.മീറ്ററിന് 50 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിലെ വിജ്ഞാപന പ്രകാരം 200ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കടമുറികൾക്ക് 70 രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. വസ്തുനികുതി ഇപ്രകാരം കണക്കാക്കിയതു മൂലം നഷ്ടം വന്നതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

കെട്ടിട ഉടമ	കെട്ടിട നമ്പർ/ വിസ്തീർണ്ണം (ച.മീ)	വില്ലജ്/സർവ്വേ നം.	നിർണ്ണയിക്കേണ്ട വസ്തു നികുതി	നിർണ്ണയിച്ച വസ്തു നികുതി നിരക്ക്
മേരിക്കുട്ടി കെ.ജെ.	10/144 എ,ബി,സി,ഡി,ഐ 330.58 ച.മീ	രാമപുരം 312/4-1	70 രൂപ/ ച.മി	50 രൂപ/ ച.മി
ആഗസ്തി സക്കറിയ	6/192 എ,ബി,സി 407.25ച.മീ	വെള്ളിലാപ്പള്ളി 51/8	70 രൂപ/ ച.മി	50 രൂപ/ ച.മി
സുശീൽ തോമസ്	14/27 ഡി, ഇ, എഫ്, ജി 168.07 ച.മീ.	രാമപുരം 377/4-1	50 രൂപ/ ച.മി	40/- ച.മീ.

ഓഡിറ്റ് എൻക്വയറി നം.20/01.12.23 ന് ലഭ്യമാക്കിയ മറുപടിയിൽ നികുതി പുനർനിർണ്ണയിച്ച് മറുപടി ലഭ്യമാക്കുമെന്ന് അറിയിച്ചു. മേൽ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-12 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിയ്ക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2022-23 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1) പോസ്റ്റ് ഓഫീസ്, ഇടിയനാൽ (അർദ്ധവർഷം-1)

2) എസ്.ഐ.ബി, രാമപുരം (അർദ്ധവർഷം-1)

3) എൻ.എസ്.എസ്.ജി.എൽ.പി.എസ്., ഏഴാച്ചേരി (അർദ്ധവർഷം-1)

4) കെ.റ്റി.ഡി.സി. അഹം റസ്റ്റോറന്റ്, നെല്ലാപ്പാറ, (അർദ്ധവർഷം-1)

5) പോസ്റ്റ് ഓഫീസ്, അമനകര, (അർദ്ധവർഷം-1)

6) സെന്റ് അഗസ്റ്റിൻ എച്ച്.എസ്.എസ്, രാമപുരം, (അർദ്ധവർഷം-1)

7) കെ.എസ്.ഇ.ബി. രാമപുരം, (അർദ്ധവർഷം-1)

8) പിഷാര് കോവിൽ ശ്രീ.കാർത്ത്യായനി ദേവി ക്ഷേത്രം (രണ്ട് അർദ്ധവർഷവും)

9) ശക്തീശ്വരം മഹാദേവ ക്ഷേത്രം, വെള്ളിലാപ്പള്ളി (രണ്ട് അർദ്ധവർഷവും)

തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം അറിയിയ്ക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.5/29.11.2023) മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിയ്ക്കേണ്ടതാണ്.

1-13 മേൽനോട്ട സംവിധാനത്തിന്റെ അപര്യാപ്തതയും ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ ന്യൂനതയും - തൊഴിലുറപ്പ് പദ്ധതി അക്കൗണ്ടിൽ നിന്നും 4.35 ലക്ഷം രൂപയുടെ താൽക്കാലിക പണാപഹരണം

രാമപുരം ഗ്രാമപഞ്ചായത്തിന്റെ തൊഴിലുറപ്പ് പദ്ധതിയുടെ അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ ഇനത്തിൽ അഡ്വാൻസായി തനത് ഫണ്ടിൽ നിന്നും നൽകിയ തുക റീകൂപ്പ് ചെയ്യുന്നതിലേയ്ക്കായി തൊഴിലുറപ്പ് പദ്ധതി അക്കൗണ്ടിൽ നിന്നും (അക്കൗണ്ട് നമ്പർ 67059924007 എസ്.ബി.ഐ, രാമപുരം) 6.9.2022 തീയതിയിൽ 3422664 നമ്പർ ചെക്ക് പ്രകാരം 435455/- രൂപ വൗച്ചറുകളും ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയർ രേഖപ്പെടുത്തലുകളുമില്ലാതെ അന്നത്തെ അക്കൗണ്ടന്റായിരുന്ന ശ്രീ ഷാജി ജോണിന്റെ പേരിൽ പണമായി പിൻവലിച്ചിരുന്നു. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ചെലവുകൾക്കായി ഇത്രയധികം തുക പണമായി പിൻവലിക്കാനുള്ള സാഹചര്യം നിലനിന്നിരുന്നില്ല. മാത്രമല്ല നിലവിൽ ബാധകമായ ധനവിനിമയ ചട്ടങ്ങൾ/ഉത്തരവുകൾ പ്രകാരം 1000/- രൂപയിൽ അധികമായ തുക ഒരു കാരണവശാലും പണമായി പിൻവലിക്കാവുന്നതല്ല. ഈ സാഹചര്യത്തിൽ ഇത്രയും വലിയ തുകയുടെ ചെക്ക് അക്കൗണ്ടന്റിന്റെ പേരിൽ പിൻവലിക്കുന്നതിന് ഇഷ്യൂ ചെയ്ത സാഹചര്യം വ്യക്തമല്ല. ദുരൂഹമായ സാഹചര്യത്തിൽ പണമായി പിൻവലിക്കപ്പെട്ട ടി തുക 1.12.2022-ൽ ജോളി ജോസഫ് എന്നയാൾ ഗ്രാമപഞ്ചായത്തിന്റെ അറിവോടെയല്ലാതെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് (സൗത്ത് ഇന്ത്യൻ ബാങ്ക് അക്കൗണ്ട് നമ്പർ 0529053000007403) നിക്ഷേപിക്കുകയും ചെയ്തു (435000/- രൂപ ആർ.റ്റി.ജി.എസ് ആയും 455/- രൂപ ഇതേ ദിവസം തന്നെ ഐ.എം.പി.എസ് ആയും). 06.09.2022ലെ ക്രമപ്രകാരമല്ലാതെയുള്ള ഇടപാട് യഥാർത്ഥത്തിൽ ധനാപഹരണമായിരുന്നുവെന്ന് ഗ്രാമപഞ്ചായത്തധികൃതർ കണ്ടെത്തിയത് മാസങ്ങൾക്ക് ശേഷമാണ്. ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്തിൽ നിലനിന്നിരുന്ന മേൽനോട്ട സംവിധാനത്തിന്റെ അപര്യാപ്തതയാണ് ഇത് വെളിപ്പെടുത്തുന്നത്.

16.1.23-ൽ ചേർന്ന ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 3(1) നമ്പർ തീരുമാനപ്രകാരം പണാപഹരണം സംബന്ധിച്ച് പോലീസ് സ്റ്റേഷനിൽ പരാതി നൽകാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി. രാമപുരം പോലീസ് സ്റ്റേഷനിൽ ക്രൈം 88/23 നമ്പരായി കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു.

ഈ വിഷയം സംബന്ധിച്ച് താഴെ ചേർക്കുന്ന വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 10/29.11.2023) നൽകുകയുണ്ടായി.

1) പണാപഹരണം നടത്തിയ ജീവനക്കാരനെതിരെ സ്വീകരിച്ച വകുപ്പുതലനടപടികളുടെ തുടർ വിവരങ്ങളും രാമപുരം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിന്റെ നിലവിലെ അവസ്ഥയും.

2) അനധികൃതമായി പിൻവലിച്ച തുക ജീവനക്കാരനിൽ നിന്നും ഈടാക്കാൻ സ്വീകരിച്ച നടപടികൾ

3) 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, ഖണ്ഡിക 21 (1) പ്രകാരം പണം, സ്റ്റോർ എന്നിവ സംബന്ധിച്ച് അപഹരണമോ, നഷ്ടമോ, തിരിമറിയോ കണ്ടെത്തിയാൽ സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഡയറക്ടർക്ക് ടി വിവരം റിപ്പോർട്ട് ചെയ്യുവാൻ തദ്ദേശ സ്ഥാപനത്തിന്റെ എക്സിക്യൂട്ടീവ് അതോറിറ്റി ബാദ്ധ്യസ്ഥരാണ്. എന്നാൽ ഈ കേസിൽ ഇത്തരം റിപ്പോർട്ട് നൽകിയിട്ടില്ല. ഇപ്രകാരം റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം.

4) പണാപഹരണം നടത്തിയ ജീവനക്കാരൻ ടി തുക പഞ്ചായത്ത് ഫണ്ടിൽ നേരിട്ട് അടച്ചതായി കാണുന്നില്ല. 1.12.2022-ൽ ജോളി ജോസഫ് എന്നയാൾ ഗ്രാമപഞ്ചായത്തിന്റെ അറിവോടെയല്ലാതെ 435455/- രൂപ ഇതേ ദിവസം തന്നെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് അടച്ചത് ശ്രീ ഷാജി ജോണിന്റെ ബാദ്ധ്യത തുക തന്നെയാണ് എന്ന് വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.
ഈ വിഷയം സംബന്ധിച്ച് ലഭ്യമാക്കിയ മറുപടിയിൽ ജീവനക്കാരൻ ട്രാൻസ്ഫർ ആയി പോയതിനാൽ ജീവനക്കാരനെതിരെ സ്വീകരിച്ച വകുപ്പുതല നടപടികളുടെ തുടർ വിവരങ്ങളും രാമപുരം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിന്റെ നിലവിലെ അവസ്ഥയും ഗ്രാമപഞ്ചായത്തിൽ രേഖാമൂലം ലഭ്യമായിട്ടില്ല എന്ന് മറുപടി ലഭിച്ചു. ധനാപഹരണം സംബന്ധിച്ച് സംസ്ഥാന ഓഡിറ്റ് വകുപ്പിനെ വിവരം അറിയിക്കണമെന്ന് അറിയില്ലായിരുന്നെന്നും മറുപടിയിൽ വ്യക്തമാക്കി. തുക തിരികെ ഒടുക്കിയ ജോളി ജോസഫ് എന്നയാൾ ഷാജി ജോണിന്റെ ഭാര്യയാണെന്നാണ് അന്വേഷണത്തിൽ അറിഞ്ഞത് എന്നാണ് സെക്രട്ടറിയുടെ മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ളത്.

ജീവനക്കാരനെതിരെ സ്വീകരിച്ച വകുപ്പുതലനടപടികളുടെ തുടർ വിവരങ്ങളും രാമപുരം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിന്റെ നിലവിലെ അവസ്ഥയും അടിയന്തിരമായി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് യഥാസമയം തുടർനടപടികൾ സ്വീകരിക്കാതിരുന്നതും, പോലീസ് കേസ് സംബന്ധിച്ച അന്വേഷണപുരോഗതി വിലയിരുത്താത്തതും ഓഡിറ്റിൽ ഗൗരവമായി വീക്ഷിക്കുന്നു. ഇത്തരം ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കുന്നതിനായി ഗ്രാമപഞ്ചായത്തധികൃതർ സ്വീകരിച്ച തുടർനടപടി വിവരവും ഇടപാടുമായി ബന്ധമില്ലാത്ത വ്യക്തി ഒടുക്കിയ തുക സസ്പെൻസ് അക്കൗണ്ടിൽ നിലനിർത്തിയിട്ടുണ്ടോയെന്ന വിവരവും ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പണാപഹരണം നടത്തിയ 435455 രൂപ പലിശസഹിതം ഈടാക്കേണ്ടതും അക്കൗണ്ടുകൾ കൈകാര്യം ചെയ്യുന്നതിന് നിയമങ്ങളും ചട്ടങ്ങളും പ്രകാരം ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻതന്നെ ഗുരുതരമായ കൃത്യവിലോപം നടത്തിയതിനാൽ ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തര ശ്രദ്ധയും തുടർവിലയിരുത്തലും ഉണ്ടാകേണ്ടതും തുടർ നടപടികളുടെ വിവരങ്ങൾ എത്രയും വേഗം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

1-14 ടെണ്ടർ വ്യതിയാനം ബില്ലിൽ കുറവ് ചെയ്തില്ല – 40832/-രൂപ പഞ്ചായത്ത് ഫണ്ടിന് നഷ്ടം

പ്രോജക്ട് നമ്പർ,തീയതി	52/23, വനിതാകാർഷിക വിപണനകേന്ദ്രം വൈദ്യുതീകരണം
ചെലവ്, ഫണ്ടിനം	253385/- ധനകാര്യകമ്മീഷൻ ഗ്രാന്റ്
വൗച്ചർ നമ്പർ, തീയതി	22201140/20.3.23
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

രാമപുരം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ നടപ്പാക്കിയതാണ് മേൽ പ്രോജക്ട്. വനിതാ കാർഷിക വിപണനകേന്ദ്രം വൈദ്യുതീകരണം എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി വൈദ്യുതീകരണത്തിന് 300000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കുര്യാക്കോസ് ദാസ് എന്ന കരാറുകാരൻ വഴിയാണ് പ്രവൃത്തി നിർവ്വഹിച്ചത്. എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 20.20% കുറവാണ് ടിയാൻ ക്വോട്ട് ചെയ്തിരുന്നത്. ടിയാൻ പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ ബിൽ തയ്യാറാക്കിയപ്പോൾ എം ബുക്ക് പ്രകാരമുള്ള മൂല്യത്തിൽ നിന്നും ടെണ്ടർ വ്യതിയാനം കുറവ് ചെയ്തിരുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഇനം	നൽകിയത്	അർഹമായത്

എം ബുക്ക് പ്രകാരമുള്ള മൂല്യം	227602.82	227602.82
(-)ടെണ്ടർ വ്യതിയാനം	0	45975.76(20.20%)
അറ്റ തുക	227602.82	181627.06
(+)ജി.എസ്.റ്റി.(12%)	27312.33	21795.24
ആകെ	254915.15 Limited To 253385/-	203422.3
Remuneration For Preparation Of Estimate Etc	6848	6848
Remuneration For Check Measurement	2283	2283
ആകെ		212553.3
(-) IT	0	2034
(-) WWF	0	2034
(-) Remuneration	9131	9131
കരാറുകാരൻ	244254	199354

ആകെ വേലമൂല്യത്തിൽ നിന്നും എസ്റ്റിമേറ്റ് തയ്യാറാക്കൽ തുക, ചെക്ക് മെഷർ തുക എന്നിവ കൂട്ടിയിട്ട് നികുതി വിഭവങ്ങൾ കുറവ് ചെയ്തിട്ട് വേണമായിരുന്നു കരാറുകാരന് തുക നൽകാൻ. എന്നാൽ ആകെ വേലമൂല്യത്തിൽ നിന്ന് എസ്റ്റിമേറ്റ് തുക, ചെക്ക് മെഷർ തുക എന്നിവ കുറച്ചതിന് ശേഷം ബാക്കി തുക കരാറുകാരന് നൽകുകയാണ് ചെയ്തത്.

ഇപ്രകാരം 40832/- രൂപ (253385 - 212553) കരാറുകാരന് അധികമായി നൽകിയതായി കാണുന്നു. അതോടൊപ്പം IT, WWF ഇനങ്ങളിലായി കുറവ് ചെയ്യാത്ത 4068/- (2034 + 2034) രൂപ കൂടി ടി തുകയിൽ നിന്നും ഈടാക്കി നിശ്ചിത ശീർഷകത്തിൽ അടവാക്കേണ്ടതാണ്.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 8/29.11.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ കരാറുകാരന് അധികമായി നൽകിയ തുക തിരികെ ഈടാക്കുന്നതാണ് എന്ന് അറിയിച്ചു. കരാറുകാരന് അധികമായി നൽകിയ 40832/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. 40832/- രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

1-15 കേരളോൽസവം - നഷ്ടപരിഹാരം നൽകിയത് ക്രമപ്രകാരമല്ല.

കേരളോൽസവത്തിലെ ക്രിക്കറ്റ് ടൂർണ്ണമെന്റിൽ പങ്കെടുക്കാൻ അപേക്ഷിച്ചിരുന്നെങ്കിലും പങ്കെടുക്കാൻ അവസരം നൽകിയില്ല എന്നാരോപിച്ച് മോർണിംഗ് സ്റ്റാർസ് രാമപുരം എന്ന ടീം ഗ്രാമപഞ്ചായത്തിൽ പരാതി നൽകുകയുണ്ടായി. ടീമുകൾക്ക് രജിസ്റ്റർ ചെയ്യാനുള്ള അവസാന തീയതി 18.11.22 നായിരുന്നെന്നും മോർണിംഗ് സ്റ്റാർസ് ടീം 25.11.22-നാണ് ആധാർ കാർഡുൾപ്പെടെയുള്ള രേഖകൾ ലഭ്യമാക്കിയതെന്നും കേരളോൽസവത്തിന്റെ ചുമതലയുള്ള ക്ളർക്ക് ശ്രീ കെ.എസ് ശ്രീനാഥ് പരാതിയിൻമേൽ വിശദീകരണം നൽകിയിട്ടുണ്ട്. ക്ളർക്ക് ഇത്തരത്തിൽ രേഖാമൂലം വിശദീകരണം നൽകിയിട്ടും 3.12.22 ലെ ഫയൽ നോട്ടിൽ 5000/- രൂപ നഷ്ടപരിഹാരം നൽകാൻ സെക്രട്ടറി നിർദ്ദേശിക്കുകയും പിന്നീട് കമ്മറ്റിയുടെ സാധൂകരണം വാങ്ങാമെന്ന് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വൗച്ചർ നമ്പർ 22200740/3.12.22 പ്രകാരം തനത് ഫണ്ടിൽ നിന്ന് 5000/- രൂപ ടീമിന് അനുവദിക്കുകയും ചെയ്തു. കേരളോൽസവത്തിന്റെ ചുമതലയുള്ള ക്ളർക്കിന്റെ റിപ്പോർട്ട് മറികടന്ന് നഷ്ടപരിഹാരം നൽകാൻ നിർദ്ദേശിച്ച സെക്രട്ടറിയുടെ

നടപടി ക്രമപ്രകാരമല്ല. അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടും നടപടി സാധൂകരിച്ച കമ്മറ്റിത്തീരുമാനമുൾപ്പെടെ ലഭ്യമാക്കാനാവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 24/1.12.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. ആയതിലേയ്ക്കായി 5000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-16 ഓണം അഡ്വാൻസ് തിരികെ ഈടാക്കിയിട്ടില്ല

2022-23 വർഷം ഗ്രാമപഞ്ചായത്തിൽ നിന്നും ഓണം അഡ്വൻസായി തുക നൽകിയതിൽ ചുവടെ ചേർക്കുന്ന ജീവനക്കാർ നാളിതുവരെ തുക തിരികെ അടവാക്കിയിട്ടില്ല.

1) ശ്രീമതി രശ്മി രാഘവൻ, ക്ലർക്ക് മുണ്ടക്കയം ഗ്രാമപഞ്ചായത്ത്-8000/- രൂപ

2) ശ്രീ.അജിമോൻ പി.റ്റി, ക്ലർക്ക് മുത്തോലി ഗ്രാമപഞ്ചായത്ത്-8500/- രൂപ

ഓഡിറ്റ് എൻക്വയറി നം.2/29.11.2023-ന് ലഭ്യമാക്കിയ മറുപടിയിൽ ജീവനക്കാർ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിലേയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും തുക അടവാക്കുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ജീവനക്കാർക്ക് നൽകിയ ഓണം അഡ്വാൻസ് തിരികെ ഈടാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-17 ടെക്നിക്കൽ അസിസ്റ്റന്റിന്റെ കാലാവധി ദീർഘിപ്പിക്കൽ - തുടർവിവരങ്ങൾ ലഭ്യമാക്കുക.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്ക് സാങ്കേതിക സഹായം നൽകുന്നതിന് നിയമിച്ച ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കാലാവധി വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം ഓരോ വർഷവും നീട്ടി നൽകിയിരുന്നു. ഇപ്രകാരം നീട്ടിനൽകിയ കാലയളവ് 31.3.22-ൽ അവസാനിച്ചപ്പോൾ ഗ്രാമപഞ്ചായത്തുകളിലെ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ ഓർഗനൈസേഷൻ സമർപ്പിച്ച നിവേദനം പരിഗണിച്ച് 2.4.22 ലെ LSGD – IB1/70/2022 – LSGD Part (1) നമ്പർ കത്ത് പ്രകാരം പരമാവധി മൂന്ന് മാസത്തേയ്ക്ക്, അതായത് 30.6.22 വരെ നിയമനം ദീർഘിപ്പിച്ച് നൽകിയിരുന്നു. പ്രസ്തുത കാലയളവിനുശേഷം ജി.ഒ (എം.എസ്) നം. 2518/2022/LSGD Dt 18.10.22 പ്രകാരം ചില നിബന്ധനയ്ക്ക് വിധേയമായി ഒരു വർഷത്തേയ്ക്ക് കൂടി കരാർ നീട്ടി നൽകിയിരുന്നു. ആയത് പ്രകാരം ഓരോ ജില്ലയിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ (നിലവിൽ ജോയിന്റ് ഡയറക്ടർ) ചെയർമാനായി ഒരു അപ്രൈസൽ കമ്മറ്റി രൂപീകരിക്കേണ്ടതും ടെക്നിക്കൽ അസിസ്റ്റന്റിന്റെ ആവശ്യകത ഓരോ പഞ്ചായത്തും വിലയിരുത്തിയശേഷം അപ്രൈസൽ കമ്മറ്റിയുടെ ശുപാർശയിൻമേൽ കരാർ സംബന്ധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. ലഭ്യമാക്കിയ രേഖകൾ പ്രകാരം 5.1.23 ലെ 18 (2) നമ്പർ കമ്മറ്റിത്തീരുമാനപ്രകാരം ടെക്നിക്കൽ അസിസ്റ്റന്റായ ശ്രീമതി ജാസ്മി ആൻ ജോസഫിന്റെ കാലാവധി ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട് (കരാർ നമ്പർ SC3 – 100/2023 തീയതി 5.1.23). എന്നാൽ നിയമനം സംബന്ധിച്ച് പഞ്ചായത്ത് കമ്മറ്റി അപ്രൈസൽ കമ്മറ്റിയോട് ശുപാർശ ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമായില്ല.

5.1.23 ലെ കമ്മറ്റിയുടെ അജണ്ടയിൽ ടെക്നിക്കൽ അസിസ്റ്റന്റിന്റെ നിയമനം ഉൾപ്പെട്ടിട്ടില്ലായിരുന്നെന്നും കമ്മറ്റിത്തീരുമാനം സെക്രട്ടറി കൃത്രിമമായി ചേർത്തതാണെന്നും പുതുക്കി നൽകിയ കരാർ രേഖകൾ അസാധുവാണെന്നും (5.1.23 ലെ കരാറിൽ രാമപുരം ഗ്രാമപഞ്ചായത്തിലെ ക്ളർക്ക് എന്ന പേരിൽ ഒപ്പിട്ടിരിക്കുന്ന ശ്രീമതി പി.ജി ജയശ്രീ 4.2.23 ൽ മാത്രമാണ് പഞ്ചായത്തിൽ ജോയിൻ ചെയ്തത് എന്ന കാരണത്താൽ) കമ്മറ്റിയുടെ അംഗീകാരം വാങ്ങാതെ നടത്തിയ നിയമനത്തിൽ 18.10.22 മുതൽ നാളിതുവരെ വാങ്ങിയ ശമ്പളം തിരികെ ഈടാക്കണം എന്നും ജില്ലാതല അപ്രൈസൽ കമ്മറ്റിയോട് 29.9.23 ലെ 1 നമ്പർ തീരുമാനപ്രകാരം കമ്മറ്റി ശുപാർശ ചെയ്തിട്ടുമുണ്ട്. സംസ്ഥാന ഓഡിറ്റ് വകുപ്പിന് 28.11.23 ന് വിഷയം സംബന്ധിച്ച് പരാതിയും ലഭിച്ചിട്ടുണ്ട്.

ടെക്നിക്കൽ അസിസ്റ്റന്റിന്റെ നിയമനം സംബന്ധിച്ചുള്ള പരാതികളിന്മേലും ജില്ലാതല അപ്രൈസൽ കമ്മറ്റി വിഷയത്തിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ചും രേഖാമൂലം മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 17/30.11.23) മറുപടി ലഭ്യമായില്ല. അപ്രൈസൽ കമ്മറ്റിയുടെ

നിർദ്ദേശാനുസരണം ഉചിതമായ തുടർനടപടികൾ സ്വീകരിച്ചശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. സെക്രട്ടറി നടപടിക്രമങ്ങളിൽ മന:പൂർവ്വമായ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ ടിയാനെതിരെ ഉചിതമായ നിയമനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 പേഴത്തിനാമ്മാവ് കുടിവെള്ളപദ്ധതിക്ക് മോട്ടോർ - രേഖകൾ ലഭ്യമായില്ല.

പ്രോജക്ട് നമ്പർ	41/23
അടങ്കൽ	320000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്
ചെലവ്, ഫണ്ടിനം	263590/- ധനകാര്യകമ്മീഷൻ ഗ്രാന്റ്
ബിൽ നമ്പർ, തീയതി	3/29.4.22
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

പേഴത്തിനാമ്മാവ് കുടിവെള്ളപദ്ധതിക്ക് മോട്ടോർ എന്ന പ്രോജക്ടിനായി ടെണ്ടർ ക്ഷണിച്ച് 12.5 HP മോട്ടോർ വാങ്ങിയിട്ടുണ്ട്. പ്രോജക്ടിന്റെ നിർവ്വഹണത്തിന്റെ ഭാഗമായി ഗുണഭോക്തൃസമിതിയുമായി കരാറിലേർപ്പെട്ടിട്ടില്ല. സമിതിയുടെ അപേക്ഷ, ഇൻസ്റ്റലേഷൻ സംബന്ധിച്ച മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവയും ഫയലിൽ സൂക്ഷിച്ചിട്ടില്ല. സമിതി മോട്ടോർ കൈപ്പറ്റിയതിന്റെ രേഖകളില്ല. അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 14/29.11.23) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കുന്നതിലേക്കായി 263590/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-19 പെറ്റി വർക്ക് - ചെലവ് രേഖകൾ ലഭ്യമായില്ല.

മുതുവല്ലൂർകുന്ന് - കൊണ്ടാട് റോഡിൽ മക്ക് ഇട്ട് നികത്താൻ ശ്രീ ജയ് മോൻ തോമസ്, മുടയാരത്ത് എന്നയാൾക്ക് നൽകാൻ തനത് ഫണ്ടിൽ നിന്നും വൗച്ചർ നമ്പർ 22200262/29.6.22 പ്രകാരം 10000/- രൂപ പിൻവലിച്ചിട്ടുണ്ട്. പെറ്റി വർക്കിൽ ഉൾപ്പെടുത്തി ചെയ്ത ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ എന്നിവ ഓഡിറ്റിൽ ലഭ്യമായില്ല. രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 26/1.12.23) മറുപടി ലഭ്യമായില്ല. രേഖകൾ ലഭ്യമാക്കുന്നതിലേക്കായി 10000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-20 തൊഴിലാളി സംഗമം - തുക റീകൂപ്പ് ചെയ്തില്ല.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ തൊഴിലാളി സംഗമം നടത്താൻ തനത് ഫണ്ടിൽ നിന്നും സെക്രട്ടറി, വൗച്ചർ നമ്പർ 22200233/21.6.22 പ്രകാരം 45500/- രൂപ പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്. തുക റീകൂപ്പ് ചെയ്തിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11/29.11.23) മറുപടി ലഭ്യമായില്ല. രേഖകൾ ലഭ്യമാക്കുന്നതിലേക്കായി 45500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-21 വിവിധ തനത് ഫണ്ട് ചെലവുകൾ - രേഖകൾ ലഭ്യമായില്ല.

ചുവടെ ചേർക്കുന്ന തനത് ഫണ്ടിൽ നിന്നുള്ള പിൻവലിക്കലുകളിൽ സ്ഥാപനങ്ങളിൽ തുക അടവാക്കിയതിന്റെ ചെലാൻ പകർപ്പുകൾ/കൈപ്പറ്റുകൾ ഓഡിറ്റിന് ലഭ്യമായില്ല.

വൗച്ചർ നമ്പർ, തീയതി	തുക	ഇനം
22200027/20.4.22	9951/-	ശ്രീദേവി വി.ആർ, അഞ്ജന എസ്

22200028/20.4.22 22200080/7.5.22 22200081/7.5.22 22200202/7.6.22 22200203/7.6.22 22200304/11.7.22 22200305/11.7.22	9951/- 9951/- 9951/- 9951/- 9951/- 9951/- 9951/-	നായർ, ആര്യ ബി എന്നീ ക്ളർക്കുമാരുടെ 3/22, 4/22, 5/22, 6/22 മാസങ്ങളിലെ കോൺട്രിബ്യൂട്ടറി പെൻഷൻ തുക.
22200034/29.4.22	6000/-	ശ്രീനാഥ് കെ.എസ് ക്ളർക്കിന്റെ കെ.എസ്.എഫ്.ഇ റെമിറ്റൻസ് തുക
22200658/18.11.22	10000/-	ഷാജി ജോൺ അക്കൗണ്ടന്റ്, മാണി കുര്യൻ എന്നിവരുടെ കോ ഓപ്പറേറ്റിവ് റിക്കവറി 5000/- രൂപ വീതം.
22200698/23.11.22	45417/-	കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ഫണ്ട് ബോർഡിൽ അടവാക്കിയ തുക.
ആകെ	141025/-	

രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 23/1.12.23) മറുപടി ലഭ്യമായില്ല. അതിനാൽ 141025/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-22 അഗതി രഹിത കേരളം - അവലോകനം.

1)അക്കൗണ്ടിൽ പ്ലാൻ ഫണ്ട് തുക ചെലവഴിക്കാതെ അവശേഷിക്കുന്നു.

അഗതി രഹിത കേരളം പദ്ധതിക്കായി കേരള ഗ്രാമീൺ ബാങ്കിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിൽ 1.8.23 ൽ 22,17,918/- രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. ആയതിൽ 17,59,294/- രൂപ വിവിധ വർഷങ്ങളിൽ ആശ്രയ പദ്ധതിക്കായി നൽകിയ പ്ളാൻ ഫണ്ട് വിഹിതമാണ്. ബാക്കി തുക ചലഞ്ച് ഫണ്ടും പലിശയും ചേർന്ന തുകയാണ്.

ഇത്തരത്തിൽ പ്ലാൻ ഫണ്ട് പിൻവലിച്ച് കുടുംബശ്രീ അക്കൗണ്ടിൽ നിക്ഷേപിച്ച് വർഷങ്ങളോളം ചെലവഴിക്കാതെ സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല. അഗതികളായ ആളുകളുടെ ഉന്നമനത്തിനായി സർക്കാർ നൽകുന്ന ധനസഹായം കാര്യക്ഷമമായും സമയബന്ധിതമായും ചെലവഴിക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്ലാൻ ഫണ്ട് ഇനത്തിൽ ലഭിച്ച തുക സർക്കാരിലേയ്ക്ക് തിരികെ അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ചുള്ള തുടർ നടപടികളുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

2) ട്രാൻസാക്ഷനില്ലാത്ത അക്കൗണ്ടിൽ വലിയ തുക ബാലൻസ്

4.9.2007-ൽ എസ്.ബി.ഐ രാമപുരം ശാഖയിൽ ടി കാലയളവിലെ വി.ഇ.ഒ ഒരു അക്കൗണ്ട് ആരംഭിക്കുകയും (നമ്പർ 67044116597) 4.4.2008-ൽ ആശ്രയ അക്കൗണ്ടിലുണ്ടായിരുന്ന പലിശ തുകയായ 134095/- രൂപ ടി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിരുന്നതായും സി.ഡി.എസ്-ന്റെ അക്കൗണ്ടന്റ് ഓഡിറ്റിനെ അറിയിക്കുകയുണ്ടായി. അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചപ്പോൾ ടി അക്കൗണ്ടിൽ നിലവിൽ പലിശയുൾപ്പെടെ 2,22,120/- രൂപ ബാലൻസുള്ളതായി കാണുന്നു. ഇത്തരത്തിൽ ഒരു അക്കൗണ്ട് തുടങ്ങാനുള്ള സാഹചര്യം പരിശോധിക്കേണ്ടതും ആശ്രയ അക്കൗണ്ടിലുണ്ടായിരുന്ന തുകയും പലിശയുമാണ് ടി അക്കൗണ്ടിൽ ഉള്ളതെങ്കിൽ ആയത് പരിശോധിച്ച് ഭരണസമിതി തലത്തിൽ തുടർനടപടികൾ സ്വീകരിച്ച് നിലവിലെ അഗതി രഹിത കേരളത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ

ചെയ്യേണ്ടതുമാണ്. അപാകത പരിഹരിച്ചശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-23 പാട്ടഭൂമിയിൽ കൃഷിക്ക് സബ്സിഡി - പാട്ടകരാർ ലഭ്യമാക്കിയില്ല

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോക്ട് നമ്പർ 75/23 സമഗ്ര നെൽകൃഷി വികസനം - ഇല്ലം നിറ വല്ലം നിറ എന്ന പ്രോജക്ട് പ്രകാരം വികസനഫണ്ട് സാധാരണ വിഹിതത്തിൽ നിന്നും 297780/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് പ്രകാരം സബ്സിഡി തുക ലഭിച്ച രണ്ട് ഗുണഭോക്താക്കൾ സ്വന്തം കൃഷി ഭൂമിയിലല്ല കൃഷി ചെയ്തിട്ടുള്ളത്. അപേക്ഷയോടൊപ്പം വസ്തുവിന്റെ കരം ഒടുക്കിയ രസീത് സൂക്ഷിച്ചിട്ടുണ്ട് എങ്കിലും ഉടമയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗുണഭോക്താവിന്റെ വിവരം	അനുവദിച്ച തുക	ബിൽ നമ്പർ തീയതി	ലഭ്യമാക്കിയ രേഖകൾ പ്രകാരം ഭൂമിയുടെ ഉടമസ്ഥാവകാശം
ജോസഫ് പി.യു, പൂത്തമ്പാറമറ്റത്തിൽ	28000/ രൂപ	3/31.01.23	രാമപുരം വില്ലേജിൽ ബ്ലോക്ക് നമ്പർ 26 488-5-1 ൽ വിച്ചാട്ട് മഠത്തിൽ ശങ്കരനാരായണൻ, തങ്കമ്മാൾ മുതൽ പേരുടെ ഉടമസ്ഥതയിലുള്ള 171.95 ആർ നിലം
സോഫിജോസഫ് പൂത്തമ്പാറമറ്റത്തിൽ	28000/ രൂപ	3/31.01.23	രാമപുരം വില്ലേജിൽ ബ്ലോക്ക് നമ്പർ27 113/2-1 ൽ ഉൾപ്പെട്ട വിച്ചാട്ട് മഠത്തിൽ രാമകൃഷ്ണ അയ്യർ, വെങ്കിടാചലം സുബ്രഹ്മണ്യ അയ്യർ മുതൽ പേരുടെ ഉടമസ്ഥതയിലുള്ള 172.35 ആർ നിലം
ജോസഫ് പി.യു, പൂത്തമ്പാറമറ്റത്തിൽ (രണ്ടാം കൃഷി)	22000/-രൂപ	4/07.02.23	രാമപുരം വില്ലേജിൽ ബ്ലോക്ക് നമ്പർ 26 488-5-1 ൽ വിച്ചാട്ട് മഠത്തിൽ ശങ്കരനാരായണൻ, തങ്കമ്മാൾ മുതൽ പേരുടെ ഉടമസ്ഥതയിലുള്ള

			171.95 ആർ നിലം
സോഫി ജോസഫ് പൂത്തമ്പാറമറ്റത്തിൽ (രണ്ടാം കൃഷി)	22000/-രൂപ	4/07.02.23	രാമപുരം വില്ലേജിൽ ബ്ലോക്ക് നമ്പർ27 113/2-1 ൽ ഉൾപ്പെട്ട വിച്ചാട്ട് മഠത്തിൽ രാമകൃഷ്ണ അയ്യർ, വെങ്കിടാചലം സുബ്രഹ്മണ്യ അയ്യർ മുതൽ പേരുടെ ഉടമസ്ഥതയിലുള്ള 172.35 ആർ നിലം

സബ്സിഡി മാർഗ്ഗരേഖ ജി.ഒ. (എം.എസ്) നം-115/22/തസ്വഭവ 28.05.22 ഖണ്ഡിക 6-1-9 A പ്രകാരം പാട്ടത്തിന് കൃഷി ചെയ്യുന്ന സാഹചര്യത്തിൽ സ്ഥല ഉടമയും, പാട്ടക്കാരനും, നിർവ്വഹണ ഉദ്യോഗസ്ഥനും ചേർന്ന് കരാർ ചമയ്ക്കേണ്ടതാണ് എങ്കിലും അപ്രകാരം കരാർ ചമച്ചിട്ടില്ല. കരാർ ചമക്കാതെ സബ്സിഡി അനുവദിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 34/02.12.23 ന് മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകത നിലനിൽക്കുന്നതിനാൽ ഈ ഇനത്തിലുള്ള 100000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-24 പ്രത്യേക ആവശ്യത്തിനുള്ള ഗ്രാന്റുകൾ - ദീർഘകാലമായി പഞ്ചായത്ത് ഫണ്ടിന് ബാധ്യത- തുടർ നടപടികൾ സ്വീകരിക്കുന്നില്ല

പ്രത്യേക ആവശ്യത്തിന് വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച തുകകൾ ചെലഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നുണ്ട്. 31/03/2023 ലെ ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂളിൽ ടി തുകകളുടെ നീക്കിയിരിപ്പ് താഴെ വിവരിക്കും പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

ക്രമ നമ്പർ	ഹെഡ് ഓഫ് അക്കൗണ്ട്	വിവരണം	തുക
1	320100199	കേരളോത്സവം ഗ്രാന്റ്	13720
2	320100162	സർവ്വ ശിക്ഷ അഭയാൻ	244904
3	320100199	പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്-മറ്റ് ഏജൻസികളിൽ നിന്നും	902561
4	320200198	ശുചിത്വ മിഷൻ ഗ്രാന്റ്	740449
5	320700205	സംയുക്ത പ്രോജക്ടുകൾക്കുള്ള വിഹിതം-ജില്ലാ പഞ്ചായത്ത്	669517

മേൽ തുകകൾ ലഭിച്ച വർഷം, ആവശ്യം, ചെലവഴിക്കാത്തതിന്റെ കാരണം തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.3/29.11.2023 ന് മറുപടി ലഭ്യമാക്കിയില്ല.

സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയിൽ ചെലവഴിക്കാതെ പഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് സർക്കാർ ഉത്തരവ് നം.7/2017/ ഫിൻ 27.1.2017ന്റെ ലംഘനമാണ്. വിശദീകരണം ലഭ്യമാക്കുവാൻ താത്പര്യപ്പെടുന്നു. പ്രത്യേക ആവശ്യത്തിന് ലഭിച്ച ഫണ്ടുകൾ ചെലവഴിക്കുകയോ അല്ലാത്തപക്ഷം ലഭിച്ച ഏജൻസിയിലേക്ക് തിരികെ അടവാക്കി പഞ്ചായത്തിന്റെ ബാധ്യതയിൽ നിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-25 ഇലക്ഷൻ നിക്ഷേപം പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 144 പ്രകാരം ഇലക്ഷൻ നിക്ഷേപം തിരിച്ചു നൽകുകയോ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് കണ്ടുകെട്ടുകയോ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്നു. തിരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ച ശേഷം 3 മാസത്തിനകം നിക്ഷേപം തിരിച്ചു നൽകേണ്ടതും 144(4) പ്രകാരം തിരിച്ചു നൽകാത്ത നിക്ഷേപം പഞ്ചായത്ത് ഫണ്ടിൽ കണ്ടുകെട്ടാവുന്നതുമാണ്. എന്നാൽ ഇലക്ഷൻ നിക്ഷേപം ഇനത്തിൽ 31.03.2023 ൽ 52,500/- രൂപ ബാലൻസ്ഷീറ്റ് പ്രകാരം അവശേഷിയ്ക്കുന്നുണ്ട്.

ഇലക്ഷൻ നിക്ഷേപം സംബന്ധിച്ച് തുടർ നടപടി സ്വീകരിയ്ക്കേണ്ടതും രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതുമാണ്.

1-26 ഔദ്യോഗിക വാഹനം - പരിപാലനത്തിലെ അപാകതകൾ.

1) ഇന്ധനക്ഷമതാ ടെസ്റ്റ് നടത്തിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനത്തിന്റെ ഇന്ധനക്ഷമതാ ടെസ്റ്റ് നടത്തി സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ സൂക്ഷിക്കുന്നില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ ഉപയോഗം - പ്രധാന മാനദണ്ഡങ്ങൾ (സ.ഉ(എംഎസ്.)നം. 170/07/തസ്വഭവ/30.06.2007) പ്രകാരം ഔദ്യോഗിക വാഹനത്തിന്റെ ഇന്ധനക്ഷമതാ ടെസ്റ്റ് ആറുമാസത്തിലൊരിക്കൽ മോട്ടോർ വാഹന വകുപ്പിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. മുൻ ടെസ്റ്റിനെ അപേക്ഷിച്ച് ഇന്ധന ഉപയോഗത്തിന്റെ തോത് വർദ്ധിച്ചിട്ടുണ്ടെങ്കിൽ വാഹനത്തിന് ഉണ്ടെന്ന് കരുതുന്ന തകരാർ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തേണ്ടതും ആയത് പരിഹരിക്കുവാൻ നിർദ്ദേശിക്കേണ്ടതും കസ്റ്റോഡിയൻ ഓഫീസർ അപ്രകാരം പ്രവർത്തിക്കേണ്ടതുമാണെന്ന് സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ ഓദ്യോഗിക വാഹനത്തിന്റെ (KL35 D 118) ലോഗ് ബുക്ക് പരിശോധിച്ചതിൽ ഇന്ധനക്ഷമത ടെസ്റ്റ് കാലങ്ങളായി നടത്തിയതായി കാണുന്നില്ല.

2) മൈലേജ് രേഖപ്പെടുത്തുന്നില്ല.

വാഹനം പ്രതിമാസം ഓടിയ കിലോമീറ്റർ, ചെലവായ ഇന്ധനം, ശരാശരി മൈലേജ്, ഇന്ധനത്തിന്റെ നീക്കിയിരിപ്പ് എന്നിവ കണക്കാക്കി പ്രതിമാസം സംക്ഷിപ്തം ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 22/1.12.23) അപാകത ആവർത്തിക്കില്ല എന്നും മൈലേജ് സംക്ഷിപ്തം തുടർ വർഷങ്ങളിൽ രേഖപ്പെടുത്തുമെന്നും മറുപടി ലഭ്യമാക്കി. അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

വാഹനത്തിന്റെ ഇന്ധനക്ഷമതാ ടെസ്റ്റിന് 19.6.23-ന് അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ പി.ഡബ്ല്യു.ഡി മെക്കാനിക്കൽ ഡിവിഷന് കത്ത് നൽകിയിരുന്നെന്ന് മറുപടി ലഭ്യമാക്കി. വാഹനത്തിന്റെ കാലപ്പഴക്കം മൂലം കണ്ടം ചെയ്യുന്നതിന് അപേക്ഷ സമർപ്പിച്ചെന്നും അൺഇക്കണോമിക്കൽ സർട്ടിഫിക്കറ്റ് ലഭിച്ചെന്നും മറുപടി ലഭിച്ചു. മതിപ്പുവില നിശ്ചയിച്ച് ലഭിച്ചശേഷം ലേലനടപടികൾ ആരംഭിക്കുമെന്നും മറുപടി ലഭ്യമാക്കി. തുടർനടപടിക്രമങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-27 ലൈഫ് പദ്ധതിയിൽ കൈപ്പറ്റിയ അഡ്വാൻസ് തുക തിരിച്ചടച്ചത് സംബന്ധിച്ച്

ലൈഫ് ഭവന പദ്ധതി ഗുണഭോക്താവായ ശ്രീനിവാസൻ, ഇല്ലിക്കൽ എന്ന ഗുണഭോക്താവിന് 31.08.2019 ൽ ഭവനനിർമ്മാണത്തിനായി അഡ്വാൻസ് നൽകിയ 40000/- രൂപ (പ്ലാൻ വിഹിതം) 05.12.2019 തീയതിയിൽ 119040105043 നമ്പർ രസീത് പ്രകാരം പഞ്ചായത്തിൽ തിരിച്ചടച്ചിട്ടുണ്ട്. പ്രസ്തുത തുക സർക്കാരിലേക്ക് അടവാക്കിയിട്ടുണ്ടെങ്കിൽ ചെലാൻ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 30/01.12.23ന് മറുപടി ലഭ്യമാക്കിയില്ല. തുക തിരികെ സർക്കാരിലേക്ക് ഒടുക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

തുക തിരികെ ഒടുക്കിയിട്ടില്ലെങ്കിൽ സർക്കാർ ഫണ്ടിൽ തിരികെ ഒടുക്കി ചെലാൻ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.

1-28 ഭവനപുനരുദ്ധാരണ പ്രോജക്ട് പ്രകാരം അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയില്ല

വി.ഇ.ഒ. വെള്ളിലാപ്പള്ളി സർക്കിൾ നിർവ്വഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ പ്രോജക്ടുകളിൽ അഡ്വാൻസ് കൈപ്പറ്റിയ എല്ലാ ഗുണഭോക്താക്കളുടേയും ഭവന പുനരുദ്ധാരണ പ്രവൃത്തികൾ തൻവർഷം പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് നമ്പർ 165/23 വീട് വാസയോഗ്യമാക്കൽ എസ്.സി.പി, പ്രോജക്ടിനായി വികസന ഫണ്ട് എസ് സി പി വിഭാഗത്തിൽ നിന്നും 630037/- രൂപയും തനത് ഫണ്ടിൽ നിന്നും 25000/- രൂപയും ഉൾപ്പെടെ ആകെ 655037/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് പ്രകാരം ആകെ 13 ഗുണഭോക്താക്കൾ അഡ്വാൻസ് കൈപ്പറ്റിയതിൽ 5 ഗുണഭോക്താക്കൾ തൻവർഷം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 8 ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

1) കുട്ടപ്പൻ എൻ.വി., നാലോലിക്കൽ

2) എം.കെ. ഗോവിന്ദൻ, തെക്കേചേറാടിക്കൽ

3) ദിനേഷ്.എ.ആർ, ആനപ്പാറ

4) സാവിത്രിതങ്കച്ചൻ, മുളറ്റ്

5) കല്ല്യാണി, മരോട്ടിക്കൽ

6) കൃഷ്ണൻകുട്ടി, തേവർകാട്ടിൽ

7) പൊന്നമ്മ തങ്കച്ചൻ, മുളറ്റ്

8) രാധാതങ്കപ്പൻ, മഞ്ഞപ്രയിൽ

2) പ്രോജക്ട് നമ്പർ 39/23 വീട് വാസയോഗ്യമാക്കൽ ജനറൽ പ്രോജക്ടിനായി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 3473914/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് പ്രകാരം ആകെ 72 ഗുണഭോക്താക്കൾ അഡ്വാൻസ് കൈപ്പറ്റിയതിൽ 70 ഗുണഭോക്താക്കൾ തൻവർഷം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 2 ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

1) ശാന്താ രാഘവൻ, കുന്നുംപുറത്ത്

2) അന്നബേബി തച്ചുമുറിയിൽ

മേൽ പ്രസ്താവിച്ച ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണം പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

1-29 ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി കരാർ വെച്ച് തുക കൈമാറിയിട്ടുള്ള താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ വീട് നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

	ഗുണഭോക്താവിന്റെ വിവരം	കരാറിലേർപ്പെട്ട വർഷം	പൂർത്തിയാക്കിയ ഘട്ടം	നാളിതുവരെ നൽകിയ തുക	അവസാനം തുക നൽകിയ തീയതി
1	മോളി ജോസഫ്, വണ്ടൻമാവിൽ	2019-20	ലിന്റൽ	300000	29.01.20
2	സുലോചന, ചാണാക്കുഴിക്കര	2019-20	നിർമ്മാണം ആരംഭിച്ചിട്ടില്ല	40000 (മുൻകൂർ)	31.08.19

3	സ്മിതരാജ്, പുതുപ്പറമ്പിൽ	2022-23	നിർമ്മാണം ആരംഭിച്ചിട്ടില്ല	40000 (മുൻകൂർ)	30.05.22
4	വിനോദ്കുമാർ, വീട്ടിക്കൽ	2022-23	നിർമ്മാണം ആരംഭിച്ചിട്ടില്ല	40000 (മുൻകൂർ)	17.02.23
5	ശാന്ത സി.ജി, ചാഴിക്കാട്ട്	2022-23	നിർമ്മാണം ആരംഭിച്ചിട്ടില്ല	40000 (മുൻകൂർ)	09.01.23
6	വിജിതമോൾ, നിലന്താനത്തുകുന്നേൽ	2022-23	നിർമ്മാണം ആരംഭിച്ചിട്ടില്ല	40000 (മുൻകൂർ)	09.01.23

ടി ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനോ അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിനോ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വറിയ്ക്ക് (നം.31/01.12.23) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. മേൽ ഗുണഭോക്താക്കളുടെ വീട് നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-30 അധിക വിഭവ സമാഹരണം

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 162 വകുപ്പ് പ്രകാരം ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, ബജറ്റ്, പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ എന്നിവ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാപരിധിയിൽ വരുന്ന വിഷയങ്ങളാണ്. സ.ഉ.(കൈ) നം.77/2023/ എൽ.എസ്.ജി.ഡി തീയതി 22.3.23 പ്രകാരം ഗ്രാമപഞ്ചായത്തുകളിലേയും നഗരസഭകളിലേയും വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും സ്ഥാപനങ്ങളിലെ നിലവിലുള്ള അസ്സസ്സ്മെന്റ് പ്രകാരമുള്ള കെട്ടിടനികുതി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച 5-4-23-ലെ സ.ഉ (പി) നം 25/2023/എൽ.എസ്.ജി.ഡി പ്രകാരവും ഗ്രാമപഞ്ചായത്തിലെ ഓരോ ഇനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഉപയോഗക്രമത്തിനനുസരിച്ച് ബാധകമായ അടിസ്ഥാന വസ്തുനികുതിനിരക്ക് പുതുക്കി നിശ്ചയിയ്ക്കുന്നതിന് 07.07.2023 ലെ 3(6) നമ്പർ തീരുമാന പ്രകാരം അന്തിമമാക്കി തീരുമാനിച്ചിട്ടുണ്ട്. നിലവിൽ പുതുക്കിയ നിരക്കിലാണ് വസ്തുനികുതി ഈടാക്കുന്നത്.

തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള ഡിമാന്റ് നോട്ടീസ് നൽകുകയും നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് പഞ്ചായത്തിൽ തയ്യാറാക്കിട്ടുണ്ടെങ്കിലും അപൂർണ്ണമാണ്. ലൈസൻസ് രജിസ്റ്റർ പ്രകാരം 489 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്. ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 527 സ്ഥാപനങ്ങളാണുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 1481 ഓളം വാണിജ്യ/വ്യവസായ സ്ഥാപനങ്ങളുണ്ട്. ഇവ തമ്മിൽ വലിയ അന്തരമുണ്ട്. പഞ്ചായത്തിലെ സ്ഥാപനങ്ങളുടെയും ട്രേഡർമാരുടെയും വിവരം കൃത്യമായി അപ്ഡേറ്റ് ചെയ്യുന്ന രീതിയിൽ രജിസ്റ്റർ/ഡാറ്റാബേസ് തയ്യാറാക്കിയാൽ തനത് വിഭവ സ്രോതസ്സുകളുടെ പൂർണ്ണമായും വരുമാനമാക്കി മാറ്റുന്നതിന് സാധിക്കും. പഞ്ചായത്തിൽ സജ്ജമായിട്ടുള്ള കെട്ടിടങ്ങളുടെ ഡേറ്റാബേസുമായി മറ്റ് വരുമാന സ്രോതസ്സുകളുടെ ഡേറ്റയെ ബന്ധിപ്പിക്കുന്നതിലൂടെയും വിവിധ ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളെ മാപ്പ് ചെയ്ത് എല്ലാവിധ തൊഴിൽ നികുതി/ലൈസൻസ് വിഭവ സ്രോതസ്സുകൾ പരമാവധി ഡിമാന്റിലുൾപ്പെടുത്താനും കഴിയും.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ലൈബ്രറിയുണ്ട്. 2022-23 വർഷം ലൈബ്രറി ഇനത്തിൽ 1186/- രൂപ വരവുണ്ട്. പഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഡിമാന്റിന് സജ്ജമാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടപടികൾ

സ്വീകരിക്കേണ്ടതാണ്.

1-31 വിവിധ പ്രോജക്ട് ചെലവുകൾ - വിനിയോഗ വിവരമില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.

പ്രോജക്ട് നമ്പർ, പേര്	അടങ്കൽ, ഫണ്ടിനം	ബിൽ നമ്പർ,തീയതി	ചെലവ് തുക	തുക കൈമാറിയ സ്ഥാപനം
56/23 ചക്കാമ്പുഴ കോളനിയിൽ കുഴൽക്കിണർ നിർമ്മാണം	200000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്	59/23.8.22 = 50777/- 270/9.3.23 = 149223	200000/-	ഗ്രൗണ്ട് വാട്ടർ വകുപ്പ് , കോട്ടയം
55/23 മരങ്ങാട് ഫാമിലി വെൽഫയർ സെന്ററിൽ കുഴൽക്കിണർ നിർമ്മാണം	200000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്	60/23.8.23 = 51937/- 268/9.3.23 = 148063/-	200000/-	ഗ്രൗണ്ട് വാട്ടർ വകുപ്പ്, കോട്ടയം
42/23 ഇടക്കോലി ഫാമിലി വെൽഫയർ സെന്ററിൽ കുഴൽക്കിണർ നിർമ്മാണം	200000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്	58/23.8.23 = 50777/- 269/9.3.23 = 149223/-	200000/-	ഗ്രൗണ്ട് വാട്ടർ വകുപ്പ്, കോട്ടയം
		ആകെ	6,00,000/-	

പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/29.11.23) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാക്കുന്നതിലേക്കായി 6,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-32 പോസ്റ്റ് ഷിഫ്റ്റിംഗ് - വിനിയോഗവിവരമില്ല.

ചുവടെ ചേർക്കുന്ന പ്രവൃത്തികൾക്ക് പോസ്റ്റ് ഷിഫ്റ്റ് ചെയ്യാനായി കെ.എസ്.ഇ.ബി.യിൽ തനത് ഫണ്ടിൽ നിന്നും സെക്രട്ടറി തുക ചെലവഴിച്ചിട്ടുണ്ട്.

വൗച്ചർ നമ്പർ, തീയതി	തുക	ഇനം	കൈപ്പറ്റിയ സ്ഥാപനം

22200871/12.1.23	21350/-	പരപ്പനാട് റോഡിൽ പോസ്റ്റ് ഷിഫ്റ്റിംഗ്	അസിസ്റ്റന്റ് എഞ്ചിനീയർ കെ.എസ്.ഇ.ബി മരങ്ങാട്ടുപിള്ളി
22201097/6.3.23	9823/-	ചിറക്കണ്ടം കട്ടക്കയത്ത്കുന്ന് റോഡിൽ പോസ്റ്റ് ഷിഫ്റ്റിംഗ്	അസി.എഞ്ചിനീയർ കെ.എസ്.ഇ.ബി രാമപുരം
ആകെ	**31173/-**		

മേൽസൂചിത പ്രവൃത്തികൾ പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 25/1.12.23) മറുപടി ലഭ്യമാക്കിയില്ല. അതിനാൽ 31173/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-33 ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികൾ - വിനിയോഗ വിവരം ലഭ്യമല്ല

പ്രോജക്ട് നമ്പർ / പേര്	SO-140/കോക്ലിയാർ ഇമ്പ്ലാന്റേഷൻ മെയിന്റനൻസ്
നിർവ്വഹണോദ്യോഗസ്ഥൻ	ഐ സി ഡി എസ് സൂപ്പർവൈസർ
അടങ്കൽ	Rs. 100000
ചെലവ്	Rs. 100000, വികസന ഫണ്ട്
ബിൽ നമ്പർ / തീയതി	19/12/2022

പദ്ധതി പ്രകാരം രണ്ട് കുട്ടികളുടെ കോക്ലിയാർ ഇമ്പ്ലാന്റേഷൻ മെയിന്റനൻസ് നടത്തുന്നതിനായി കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് തുക കൈമാറി നൽകിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (28/01.12.23) മറുപടിയായി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ഈ ഇനത്തിൽ ചെലവഴിച്ച 100000 /- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1- 34 എസ് സ് കെ പദ്ധതി - വിനിയോഗ വിവരം ലഭ്യമല്ല

പ്രോജക്ട് നമ്പർ / പേര്	SO 82/23
നിർവ്വഹണോദ്യോഗസ്ഥൻ	ഹെഡ്മിസ്ട്രസ്സ് ഗവ എൽ പി സ്കൂൾ
അടങ്കൽ	Rs. 300000
ചെലവ്	Rs. 300000, വികസന ഫണ്ട്
ബിൽ നമ്പർ / തീയതി	21/12/2022

ഹെഡ്മിസ്ട്രസ്സ് ഗവ. എൽ.പി സ്കൂൾ, അമനകര നടപ്പാക്കിയ പദ്ധതി പ്രകാരം സമഗ്ര ശിക്ഷ കേരള പദ്ധതിക്കായി എസ് എസ് കെ വിഹിതമിനത്തിൽ 300000/- രൂപ , പദ്ധതിയുടെ കോട്ടയം കാനറാ ബാങ്ക് അക്കൗണ്ടിലേക്ക് മാറി നൽകുന്നതിന് 21 /12/2022 ൽ ട്രഷറിയിൽ ബിൽ സമർപ്പിച്ചിരുന്നു.

പദ്ധതി തുക കൈമാറിയ എസ് സ് കെ പദ്ധതിയുടെ കോട്ടയം കാനറാ ബാങ്ക് അക്കൗണ്ട് ക്ളോസ് ചെയ്തതിനാൽ തുക ട്രാൻസ്ഫർ ആകാതെ സസ്പെൻസ് അക്കൗണ്ടിലേയ്ക്ക് മാറുകയും ടി തുക യഥാർത്ഥത്തിൽ നൽകേണ്ടിയിരുന്ന എസ് എസ് കെ പദ്ധതിയുടെ ചൈൽഡ് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ആകാതെ വരികയും ചെയ്തു. പിന്നീട് ടി അപാകത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് തുക

യഥാർത്ഥത്തിൽ നൽകേണ്ടിയിരുന്ന എസ് എസ് കെ പദ്ധതിയുടെ ചൈൽഡ് അക്കൗണ്ടിലേക്ക് മാറ്റി നൽകണമെന്ന് ആവശ്യപ്പെട്ട് സബ് ട്രഷറി പാലായ്ക്ക് 07/02/2023 ൽ കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. ടി തുക എസ് എസ് കെ പദ്ധതി യുടെ അക്കൗണ്ടിലേയ്ക്ക് മാറ്റി നൽകിയതിന്റെ വിശദാംശങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 29/01.12.23) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക എസ് എസ് കെ പദ്ധതിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ വിശദാംശങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതുവരെ ഈ ഇനത്തിൽ ചെലവഴിച്ച 300000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-35 റോഡ് കണക്റ്റിവിറ്റി മാപ്പ് - പദ്ധതി പൂർത്തിയാക്കിയിട്ടില്ല

പ്രോജക്ട് നമ്പർ / പേര്	SO 131/23 - റോഡ് കണക്റ്റിവിറ്റി മാപ്പിങ്ങ്
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
അടങ്കൽ	Rs. 75000
ചെലവ്	Rs. 27000 , തനത് ഫണ്ട്
ബിൽ നമ്പർ / തീയതി	409/30/03/23

പദ്ധതി പ്രകാരം റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനായി തെരെഞ്ഞെടുത്ത ശ്രീമതി സുരജ ശ്രീജിത്ത് എന്ന വ്യക്തിയുമായി കരാറിൽ ഏർപ്പെട്ടിരുന്നു. പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി യാത്രാച്ചെലവ്, സ്റ്റേഷനറി ചെലവ് തുടങ്ങിയ ഇനങ്ങളിൽ തൻവർഷം 27000/- രൂപ ടിയാൾക്ക് പ്രതിഫലമായി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിലവിലെ അവസ്ഥ, പദ്ധതി പൂർത്തിയാക്കിയതിന്റെ വിവരം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (32/01.12.23) മറുപടിയായി പദ്ധതി നിലവിൽ സ്പിൽ ഓവറായി നടപ്പാക്കി വരുന്നുണ്ടെന്നും 2023-2024-ൽ പൂർത്തിയാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി പൂർത്തിയാക്കി പൂർത്തീകരണ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-36 മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതികൾ - അപാകതകൾ

I) മരാമത്ത് സ്വഭാവമുള്ള പദ്ധതികൾ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തുന്നത് സംബന്ധിച്ച്

പ്രോജക്ട് നമ്പർ / പേര്	SO 179/23, രാമപുരം കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ സി എച്ച് സി രാമപുരം
അടങ്കൽ	Rs. 311845
ചെലവ്	Rs. 93500/- , ഹെൽത്ത് ഗ്രാന്റ്
ബിൽ നമ്പർ / തീയതി	01/30.03.23 ഹെൽത്ത് ഗ്രാന്റ് അക്കൗണ്ട്

രാമപുരം കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ പദ്ധതി പ്രകാരം കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും മെയിന്റനൻസ് പ്രവൃത്തികൾ, ഫർണിച്ചർ റിപ്പയർ, വിവിധ വാങ്ങലുകൾ എന്നിവ 311474/- രൂപ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി രാമപുരം സി എച്ച് സി യുടെ

കീഴിലുള്ള കുടപ്പുലം FWC കെട്ടിടം പെയിന്റിങ്ങ് ജോലികൾ ക്വട്ടേഷൻ മുഖേന മെഡിക്കൽ ഓഫീസർ തന്നെ നിർവ്വഹിച്ചതായി കാണുന്നു. ഈ ഇനത്തിൽ വൗച്ചർ നമ്പർ 20 ബി/28/03/23 പ്രകാരം 93500/- രൂപ മാറിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ എഞ്ചിനീയറിങ്ങ് വിഭാഗം ഉണ്ടായിരിക്കെ എഞ്ചിനീയറിങ്ങ് വിഭാഗത്തിന്റെ എസ്റ്റിമേറ്റ്, വ്യാലുവേഷൻ എന്നിവ വാങ്ങാതെ ടി പ്രവൃത്തി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തുവാൻ ഇടയായ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 33/2.12.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാകാത്ത സാഹചര്യത്തിൽ ഈ ഇനത്തിൽ ചെലവഴിച്ച 93500/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

II) മരുന്ന് വാങ്ങൽ – പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചില്ല

മെഡിക്കൽ ഓഫീസർ 2022-2023 വർഷം നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളുടെ ഭാഗമായി മരുന്നുകൾ/ഉപകരണങ്ങൾ എന്നിവ വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവയിൽ ചില പർച്ചേസുകൾ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയതായി കാണുന്നു. പതിനാലാം പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.6.4 പ്രകാരം KMSCL ൽ നിന്നും മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ കാരുണ്യ ഫാർമസി, മാവേലി സ്റ്റോർ, സപ്ലൈകോ, ജൻ ഔഷധി എന്നിവയുടെ ഔട്ട്ലെറ്റുകളിൽ നിന്നും മാത്രമാണ് വാങ്ങുവാൻ അനുവദിച്ചിട്ടുള്ളത്. എന്നാൽ ടി നിർദ്ദേശത്തിന് വിരുദ്ധമായി മെഡിക്കൽ ഓഫീസർ നടപ്പാക്കിയ വിവിധ പദ്ധതികളിൽ സൂര്യ ഡ്രഗ്സ് പാലാ എന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്നും മരുന്നുകളും മറ്റ് ഉപകരണങ്ങളും വാങ്ങിയതായി കാണുന്നു.

1. Metronidazole 100 Tab -Sub- Vr. No. 303/22-23 Rs. 5600/-
2. Glicometer Strip, Urine Bag Etc --SubVr. No. 202/22-23 Rs. 41000/-
3. Urine Bag Etc --Sub Vr. No. 301 /22-23 Rs. 12855/-
4. Foleys Catheter, Gl. Strips Etc- Sub. Vr. No. 300 /22-23 Rs. 48198/-

അപാകതയ്ക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 33/2.12.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ തുടർന്നുള്ള വർഷങ്ങളിൽ ആവർത്തിക്കാതിരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ടെണ്ടർ വ്യതിയാനം ബില്ലിൽ കുറവ് ചെയ്തില്ല – 40832/-രൂപ പഞ്ചായത്ത് ഫണ്ടിന് നഷ്ടം

പ്രോജക്ട് നമ്പർ,തീയതി	52/23, വനിതാ കാർഷിക വിപണനകേന്ദ്രം വൈദ്യുതീകരണം
ചെലവ്, ഫണ്ടിനം	253385/- ധനകാര്യകമ്മീഷൻ ഗ്രാന്റ്
വൗച്ചർ നമ്പർ, തീയതി	22201140/20.3.23
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

രാമപുരം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ നടപ്പാക്കിയതാണ് മേൽ പ്രോജക്ട്. വനിതാ കാർഷിക വിപണനകേന്ദ്രം വൈദ്യുതീകരണം എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി വൈദ്യുതീകരണത്തിന് 300000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കുര്യാക്കോസ് ദാസ് എന്ന കരാറുകാരൻ വഴിയാണ് പ്രവൃത്തി നിർവ്വഹിച്ചത്. എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 20.20% കുറവാണ് ടിയാൻ ക്വോട്ട് ചെയ്തിരുന്നത്. ടിയാൻ പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ ബിൽ തയ്യാറാക്കിയപ്പോൾ എം ബുക്ക് പ്രകാരമുള്ള മൂല്യത്തിൽ നിന്നും ടെണ്ടർ വ്യതിയാനം കുറവ് ചെയ്തിരുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഇനം	നൽകിയത്	അർഹമായത്
എം ബുക്ക് പ്രകാരമുള്ള മൂല്യം	227602.82	227602.82
(-)ടെണ്ടർ വ്യതിയാനം	0	45975.76 (20.20%)
അറ്റ തുക	227602.82	181627.06
(+)ജി.എസ്.റ്റി.(12%)	27312.33	21795.24
ആകെ	254915.15 Limited To 253385/-	203422.3
Remuneration For Preparation Of Estimate Etc	6848	6848
Remuneration For Check Measurement	2283	2283
ആകെ		212553.3
(-) IT	0	2034
(-) WWF	0	2034
(-) Remuneration	9131	9131
കരാറുകാരൻ	244254	199354

ആകെ വേലമൂല്യത്തിൽ നിന്നും എസ്റ്റിമേറ്റ് തയ്യാറാക്കൽ തുക, ചെക്ക് മെഷർ തുക എന്നിവ കൂട്ടിയിട്ട് നികുതി വിഭവങ്ങൾ കുറവ് ചെയ്തിട്ട് വേണമായിരുന്നു കരാറുകാരന് തുക നൽകാൻ. എന്നാൽ ആകെ വേലമൂല്യത്തിൽ നിന്ന് എസ്റ്റിമേറ്റ് തുക, ചെക്ക് മെഷർ തുക എന്നിവ കുറച്ചതിന് ശേഷം ബാക്കി തുക കരാറുകാരന് നൽകുകയാണ് ചെയ്തത്.

ഇപ്രകാരം 40832/- രൂപ (253385 - 212553) കരാറുകാരന് അധികമായി നൽകിയതായി കാണുന്നു. അതോടൊപ്പം IT, WWF ഇനങ്ങളിലായി കുറവ് ചെയ്യാത്ത 4068/- (2034 + 2034) രൂപ കൂടി ടി തുകയിൽ നിന്നും ഈടാക്കി നിശ്ചിത ശീർഷകത്തിൽ അടവാക്കേണ്ടതാണ്.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 8/29.11.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ കരാറുകാരന് അധികമായി നൽകിയ തുക തിരികെ ഈടാക്കുന്നതാണ് എന്ന് അറിയിച്ചു. കരാറുകാരന് അധികമായി നൽകിയ 40832/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. 40832/- രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി
2022-23	15.07.2023	28.11.2023

ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 2(1)/07.07.2023 നം. തീരുമാനം പ്രകാരം, 2022-2023 വാർഷിക ധനകാര്യ പത്രികയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2022-23 വർഷം സംയുക്ത പ്രോജക്ടിനായി കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് 61,05,500/- രൂപയും ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 31,26,045/- രൂപയും ലഭിച്ചിട്ടുണ്ട്. ജില്ല-ബ്ലോക്ക് വിഹിതങ്ങളുടെ ചെലവ് വിശദാംശം ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

തുക നല്കിയ സ്ഥാപനം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്(നം.)	ചെലവ്	ബാക്കി
ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത്	80000	ലൈഫ് വീട് നിർമ്മാണം പട്ടികവർഗ്ഗ വിഭാഗം (64/23)	80,000	0
	2317000	ലൈഫ് വീട് നിർമ്മാണം പട്ടികജാതി (63/23)	2317000	0
	196000	ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, യാത്രാബത്ത (86/23)	196000	0
	200000	ലൈഫ് വീട് നിർമ്മാണം ജനറൽ (62/23)	200000	0
	333045	ക്ഷീരകർഷകർക്ക് പാൽ വില ഇൻസന്റീവ് (85/23)	333045	0
	31,26,045	**ആകെ ബ്ലോക്ക് വിഹിതം**	**31,26,045**	**0**
കോട്ടയം ജില്ല പഞ്ചായത്ത്	360000	ലൈഫ് വീട് നിർമ്മാണം പട്ടികവർഗ്ഗ വിഭാഗം (64/23)	360000	0
	800000	ലൈഫ് വീട് നിർമ്മാണം പട്ടികജാതി (63/23)	800000	0
	190000	ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക്	190000	0

		സ്കോളർഷിപ്പ്, യാത്രാബത്ത (86/23)		
	4600000	ലൈഫ് വീട് നിർമ്മാണം ജനറൽ (62/23)	4600000	0
	155500	ക്ഷീരകർഷകർക്ക് പാൽ വില ഇൻസന്റീവ് (85/23)	155500	0
	6105500	**ജില്ലാ പഞ്ചായത്ത് വിഹിതം**	6105500	**0**

4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2022-23 സാമ്പത്തിക വർഷം ചുവടെ ചേർക്കും പ്രകാരം നിക്ഷേപ പ്രവൃത്തികൾക്ക് തുക നൽകിയിട്ടുണ്ട്.

പ്രോജക്ട് നമ്പർ, പേര്	അടങ്കൽ, ഫണ്ടിനം	ചെലവ് തുക	തുക കൈമാറിയ സ്ഥാപനം
56/23 ചക്കാമ്പുഴകോളനിയിൽ കുഴൽക്കിണർ നിർമ്മാണം	200000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്	200000/-	ഗ്രൗണ്ട് വാട്ടർ വകുപ്പ് , കോട്ടയം
55/23 മരങ്ങാട് ഫാമിലി വെൽഫയർ സെന്ററിൽ കുഴൽക്കിണർ നിർമ്മാണം	200000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്	200000/-	ഗ്രൗണ്ട് വാട്ടർ വകുപ്പ് , കോട്ടയം
42/23 ഇടക്കോലി ഫാമിലി വെൽഫയർ സെന്ററിൽ കുഴൽക്കിണർ നിർമ്മാണം	200000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്	200000/-	ഗ്രൗണ്ട് വാട്ടർ വകുപ്പ് , കോട്ടയം
ആകെ		6,00,000/-	

4-4 മൊബിലൈസേഷൻ അഡ്വാൻസ്

2022-23 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	01/04/2022-തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	2022-23 വർഷം എടുത്ത വായ്പ	തൻവർഷം തിരിച്ചടച്ച തുക		31/03/2023 തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	

ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ(KURDFC)	ജിഒ (എം.എസ്) 68/2018/ തസ്വഭവ/ 18.5.2018	18485331	0	2847750	-	15637581

4-6 സ്ഥിരനിക്ഷേപങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ധനകാര്യ പത്രിക പ്രകാരം പഞ്ചായത്തിന് സ്ഥിരനിക്ഷേപമില്ല.

4-7 ഓഡിറ്റ് റിക്കവറി

2022-23 വർഷം ധനകാര്യ പത്രിക പ്രകാരം 16,427/- രൂപ ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവുണ്ട്. ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആയതിന്റെ വിശദാംശം ലഭ്യമല്ല.
ഓരോ സാമ്പത്തിക വർഷവും ഓഡിറ്റ് റിക്കവറിയായി ലഭിക്കുന്ന തുകകളുടെ വിവരങ്ങൾ ക്രോഡീകരിച്ച് ഓഡിറ്റ് റിക്കവറി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം., തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിക്കവറി കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2012-13 &13-14	-	2014-15	4-1-7	മുക്കാനെല്ലി-തേക്കുമലക്കുന്ന് കുടിവെള്ളപദ്ധതി പ്രവർത്തനക്ഷമമല്ല.	സമിതിയുടെ പരിഗണനയിലാണ്
2014-15	2-4	2016-17	അനുബന്ധം-4	തൊഴിൽ നികുതി സംബന്ധിച്ച്	സമിതിയുടെ പരിഗണനയിലാണ്
2015-16	2-4	2016-17	അനുബന്ധം-5	തൊഴിൽ നികുതി സംബന്ധിച്ച്	സമിതിയുടെ പരിഗണനയിലാണ്

4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല .

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് മുന്നിരിപ്പ് ഉൾപ്പെടെ (രസീത് & പേയ്മെന്റ് പ്രകാരം)	:	97634685
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (രസീത് &	:	44936066

പേയ്മെന്റ് പത്രിക പ്രകാരം)		
ഓഡിറ്റ് വർഷത്തെ ആകെ വരവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം)		154603463
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം)		158157112
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	40832
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	1689788

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-1 (1-14)	--	40832	ദീപു റ്റി.കെ., സെക്രട്ടറി
ആകെ		**40832**	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നം.	**തുക**	**ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും**
1-15	5000	മാർട്ടിൻ ജോർജ്, സെക്രട്ടറി
1-18	263590	മാർട്ടിൻ ജോർജ്, സെക്രട്ടറി
1-19	10000	മാർട്ടിൻ ജോർജ്, സെക്രട്ടറി
1-20	45500	മാർട്ടിൻ ജോർജ്, സെക്രട്ടറി
1-21	141025	മാർട്ടിൻ ജോർജ്, സെക്രട്ടറി
1-23	100000	പ്രജിത പ്രകാശ്, കൃഷി ഓഫീസർ
1-31	153491	മാർട്ടിൻ ജോർജ്, സെക്രട്ടറി
	446509	ദീപു റ്റി.കെ. സെക്രട്ടറി
1-32	31173	ദീപു റ്റി.കെ. സെക്രട്ടറി
1-33	100000	പുഷ്പകല വി.എൻ., ഐസിഡിഎസ് സൂപ്പർവൈസർ
1-34	300000	ജയറാണി മേരി ജേക്കബ്, ഹെഡ്മിസ്ട്രസ്
1-36 (1)	93500	ഡോ.സുകുമാരൻ വി.കെ., മെഡിക്കൽ ഓഫീസർ, സിഎച്ച്സി
ആകെ	1689788	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ദീപു റ്റി.കെ. സെക്രട്ടറി	സെക്രട്ടറി, കോന്നി ഗ്രാമപഞ്ചായത്ത്	ദീപു റ്റി.കെ. തെക്കേചെരുവിൽ കുളത്തുമൺ പി.ഒ. പത്തനംതിട്ട - 689693

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്ന് പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കുവാൻ അവശേഷിയ്ക്കുന്ന ഖണ്ഡികകളുടെ എണ്ണം
98-99 ചെലവ്	കെ.എസ്.എ-കെ.ടി.എം-പി.4/അദാ.2022/851(5)/3.8.22	2
99-00, 00-01, 01-02പ്ലാൻ	കെ.എസ്.എ-കെ.ടി.എം-പി.4/1333/16, 07.04.2017	24
04-05 വരവുചെലവ്	കെ.എസ്.എ-കെ.ടി.എം-പി4(അദാ2018)216(4)/18, 03.02.2018	02
05-06 വരവുചെലവ്	കെ.എസ്.എ-കെ.ടി.എം-പി4(അദാ2018)216(5)/18, 03.02.2018	06
06-07 വരവുചെലവ്	കെ.എസ്.എ-കെ.ടി.എം-പി4(അദാ2018)216(6)/18, 03.02.2018	02
07-08 വരവുചെലവ്	കെ.എസ്.എ-കെ.ടി.എം-പി4(അദാ2018)216(7)/18, 03.02.2018	07
97-98(വരവ്)	കെ.എസ്.എ-കെ.ടി.എം-	01

	പി.4/1333/17, 26.04.17	
98-99(വരവ്)	എൽ.എഫ്.കെ.പി.10/56/10 19.03.10	01
09-10 , 10-11 വരവുചെലവ്	കെ.എസ്.എ-കെ.ടി.എം-പി4(അദാ2018)216(9)/18, 03.02.2018	09
11-12 വരവുചെലവ്	കെ.എസ്.എ-കെ.ടി.എം-പി 4/അദാ.2022/851(2)/3.8.22	05
12-13 വരവുചെലവ്	കെ.എസ്.എ-കെ.ടി.എം-പി 4/അദാ.2022/851(1)/3.8.22	06
13-14 വരവുചെലവ്	കെ.എസ്.എ-കെ.ടി.എം-പി 4/അദാ.2022/851(3)/3.8.22	05
2014-15	കെ.എസ്.എ-കെ.ടി.എം. പി4/733/16, 03.04.2017	02
2015-16	കെ.എസ്.എ-കെ.ടി.എം-പി 4/അദാ.2022/851(4)/3.8.22	08
2016-17	കെ.എസ്.എ-കെ.ടി.എം-പി 4/അദാ.2022/1091(2)/4.8.22	05
2017-18	കെ.എസ്.എ-കെ.ടി.എം.പി4/2121/18/ 17.12.2018	22
2018-19	കെ.എസ്.എ-കെ.ടി.എം.പി4/1618/19/ 20.11.2019	22
2019-20	കെ.എസ്.എ കെ.ടി.എം.പി - 4/1386/21 /22.11.21	08
2020-21	കെ.എസ്.എ കെ.ടി.എം.പി-4/ 341/22/08.11.22	22
2021-22	കെ.എസ്.എ കെ.ടി.എം.പി-4.2365/23/07.12.2022	52

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ ഖണ്ഡികകൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 07-07-2023 and submitted on 15-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Ramapuram Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Ramapuram Grama Panchayat for the year 2022-2023

Date: 26/12/2023

Deputy Director
District Office Kottayam
Kerala State Audit Department

Audit Report appended to the Audit Certificate of Ramapuram Grama Panchayat for the Year 2022-2023 .

1.Major Observations

1.General Fund Details not maintained. Opening Balance Receipt Payment (OBRP) data of asset and liability as on 01/04/2011 not available. Source Data not available for the value of total general fund as on 31/03/2023.

2.Non Disclosure of Capital Contribution-Capital contribution opening balance details, fundwise capital contribution of current year are not available.

3.Non Disclosure of Assets-Assets not classified and evaluated and accounted-Asset Register has not updated upto 31/03/2023. Assets Generated during current year-detailed project wise and fundwise data not provided.

2.Other Observations

1.Capital Work in Progress accounting and adjustment details and data not provided.

2.Data for Depreciation Calculation sheet for the year has not provided.

3. Govt. & other dues register not maintained.

4.Advance to MGNREGS not accounted in specific account head. The advance amounts varies in the annual financial statements and cash book.

5.DCB of tax and non-tax receipts not prepared and certified by the Secretary. Advance, deposit registers not kept updated.

6. The details of the amount Rs.2,52,432/- under the head âÂÂ 350200199 âÂÂ other depositsâÂÂ in B-7 Schedule not provided for verification.

7.The Account (Number 33020100005985) opened for Health Grant in Bank of Baroda included in B-17 and Rp -40(b) schedules which have no transaction yet.

8. Redemption Amount is not fully reflected in the balance sheet.

9. The balances of Central Finance Commission Grant (Account No. 17830100058230, Federal Bank Ramapuram Branch) not match with annual financial statement.

10. The Advance for deposit works not accounted in the correct head.

DEPUTY DIRECTOR
KERALA STATE AUDIT DEPT.
DISTRICT AUDIT OFFICE, KOTTAYAM

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ രാമപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്